**സബ്മിഷൻ**

(1) <u>ബ്രഹ്മപുരം മാലിന്യ പ്ലാന്റിലെ തീപിടുത്തം</u>

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, കൊച്ചി കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള ബ്രഹ്മപുരം ഖരമാലിന്യ സംസ്കരണ പ്ലാന്റിൽ മാർച്ച് 2-ന് വൈകുന്നേരം തുടങ്ങിയ വൻതീപിടുത്തം ഇതുവരെ പൂർണ്ണമായി നിയന്ത്രിക്കാൻ കഴിയാത്ത ഗുരുതരമായ സാഹചര്യം നിലനിൽക്കുകയാണ്. എത്ര ടൺ ആണ് എന്നുപോലും അറിയാൻ പാടില്ലാത്ത, കഴിഞ്ഞ കുറേ വർഷങ്ങളായി പ്ലാസ്റ്റിക് അടക്കമുള്ള മാലിന്യങ്ങളാണ് അവിടെ ശേഖരിച്ചിട്ടുള്ളത്. 15 ഏക്കറോളം മലപോലെ കൂട്ടിയിട്ടിരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾക്കാണ് തീപിടിച്ചിരിക്കുന്നത്. ജില്ലാ കളക്ടർ ഇന്നലെ, അതായത് 05-03-2023, ഞായറാഴ്ച ആരും വീട്ടിൽനിന്ന് പുറത്തിറങ്ങരുതതെന്നാണ് പ്രഖ്യാപനം നടത്തിയത്. ഇന്ന് സ്കൂളുകൾക്ക് അവധി കൊടുത്തിരിക്കുകയാണ്. ഒരുപാട് ആളുകൾ തലചുറ്റലും ഛർദ്ദിയുമായി വീണുകിടക്കുകയാണ്. ഹ്രസ്വകാലത്തേയ്ക്കും ദീർഘകാലത്തേയ്ക്കുമുള്ള ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളാണ് ഒരു പ്രദേശം മുഴുവൻ ബാധിച്ചിട്ടുള്ളത്. കൊച്ചി

നഗരസഭയുടെ പരിസരപ്രദേശത്ത് മാത്രമല്ല, പിറവം, കുന്നത്തുനാട്, തൃപ്പൂണിത്തുറ നിയോജകമണ്ഡലങ്ങളുൾപ്പെടെയുള്ള നിരവധി പ്രദേശങ്ങളിലേയ്ക്ക് കഴിഞ്ഞ നാല് ദിവസമായി കത്തിക്കൊണ്ടിരിക്കുന്ന പുക പടരുകയാണ്. ഇതിനെ പ്രതിരോധിക്കാൻവേണ്ടിയുള്ള ഒരു സംവിധാനവും സർക്കാർ ചെയ്യുന്നില്ല. തീകെടുത്തുന്നതിനുവേണ്ടി ഇപ്പോഴും ഒന്നും ചെയ്യാൻ സാധിച്ചിട്ടില്ല. നേരത്തേതന്നെ മാധ്യമങ്ങളും മറ്റെല്ലാവരും പുറത്തുകൊണ്ടുവന്നിട്ടുള്ള വിഷയങ്ങളാണ് അവിടെ നടക്കുന്നത്. ബ്രഹ്മപുരത്തെ മാലിന്യ സംസ്കരണത്തിൽ രണ്ട് കരാറുകാരാണുള്ളത്. ഒന്ന്, പ്ലാസ്റ്റിക് മാലിന്യങ്ങൾ വേർതിരിക്കുന്നവരും മറ്റൊന്ന്, ജൈവമാലിന്യങ്ങൾ വേർതിരിക്കുന്നവരും. ഈ രണ്ടുപേരും കരാറനുസരിച്ചുള്ള കാര്യങ്ങൾ ചെയ്യുന്നില്ലെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. നീക്കം ചെയ്യേണ്ട പ്ലാസ്റ്റിക് മാലിന്യങ്ങൾ ഒരു സ്ഥലത്ത് മലപോലെ കൂട്ടിയിട്ടിരിക്കുന്നു. ജൈവമാലിന്യങ്ങൾ മാത്രമാണ് സംസ്കരിക്കുന്നത്. സംസ്കരിക്കാനുള്ള പ്രത്യേക സംവിധാനങ്ങളൊന്നുമില്ല. അത് മണ്ണിട്ടുമൂടുകയാണ് ചെയ്യുന്നത്. അങ്ങനെ മണ്ണിട്ടുമൂടാതെ ജൈവമാലിന്യങ്ങളും അജൈവമാലിന്യങ്ങളും സംയുക്തമായി കൂടികിടക്കുന്ന സ്ഥലത്താണ്

തീപിടിച്ചിരിക്കുന്നത്. ഒരു കരാറുകാരന്റെ കരാർ കാലാവധി മാർച്ച് 3-ന് തീരുകയാണ്. അദ്ദേഹം ഇപ്പോൾ കരാർ എക്സ്റ്റൻഷൻ ചെയ്യണമെന്നാവശ്യപ്പെട്ടിരിക്കുകയാണ്. ഇങ്ങനെ എക്സ്റ്റൻഷൻ ചോദിക്കുന്ന സമയത്ത് വീണ്ടും പരിശോധന നടത്തേണ്ട ഒരു ഘട്ടമുണ്ട്. പരിശോധന നടത്താൻ വരുമ്പോൾ ഈ മാലിന്യങ്ങളൊന്നും നീക്കം ചെയ്യപ്പെട്ടിട്ടില്ലെന്ന് കൃത്യമായി വ്യക്തമാകും. അതുകൊണ്ട് പരിശോധിക്കാൻ വരുമ്പോൾ തെറ്റിദ്ധരിപ്പിക്കാൻവേണ്ടി മന:പൂർവ്വമായുണ്ടാക്കിയ തീപിടുത്തമാണെന്ന് ആ നഗരത്തിലെ കൊച്ചുകുട്ടികൾക്കുവരെ അറിയാം. ആദ്യം തീപിടുത്തമുണ്ടായ സ്ഥലത്തുനിന്നും 800 മീറ്റർ അകലെയാണ് മറ്റൊരു തീപിടുത്തമുണ്ടായത്. മന:പൂർവ്വമായുണ്ടാക്കിയ തീപിടുത്തമാണിത്. ഇത് വളരെ അപകടകരമായ ആരോഗ്യപ്രശ്നങ്ങൾക്ക് വഴിതെളിക്കുന്ന ഒന്നാണ്. മാത്രമല്ല, കൊച്ചി നഗരത്തിൽ തീപിടുത്തമുണ്ടായതിനുശേഷം മാലിന്യനീക്കം പൂർണ്ണമായും സ്തംഭിച്ചിരിക്കുകയാണ്. അത് മറ്റുതരത്തിലുള്ള ആരോഗ്യപ്രശ്നങ്ങളിലേയ്ക്ക് വീണ്ടും പോകും. പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തുമ്പോഴുണ്ടാകുന്ന വിഷപ്പുക ഉണ്ടാക്കുന്ന പ്രശ്നങ്ങൾ ഗുരുതരമായി മാറിയിരിക്കുകയാണ്. ജീവിക്കാൻ കഴിയാത്ത

സാഹചര്യമാണ്. വീട്ടിൽനിന്നും പുറത്തിറങ്ങിയില്ലെങ്കിലും വീടിനകത്തേയ്ക്ക് പുക കയറുന്ന സാഹചര്യമാണ്. കാക്കനാട് തുടങ്ങിയ പ്രദേശങ്ങളിലെ ഫ്ലാറ്റുകളിൽനിന്നും ആളുകൾ സ്ഥലംവിട്ടുപോകുകയാണ്. ഇത്രയും ഗുരുതരമായ പ്രശ്നമായിട്ടും ഈ വിഷയം അതിന്റെ ഗൗരവത്തോടുകൂടി സർക്കാർ കൈകാര്യം ചെയ്തില്ലെന്ന പരിഭവവും പ്രതിഷേധവും ഞാനീ അവസരത്തിൽ രേഖപ്പെടുത്തുകയാണ്. ഹ്രസ്വകാലത്തേയ്ക്ക് ചെയ്യേണ്ട അടിയന്തര കാര്യങ്ങൾ, ആരോഗ്യപ്രശ്നങ്ങളുൾപ്പെടെ കൈകാര്യം ചെയ്യുന്നതിനുള്ള നടപടി വേണം. ദീർഘകാലത്തേയ്ക്ക് ചെയ്യേണ്ട കാര്യങ്ങൾ ചെയ്യണം. മാത്രമല്ല, ഇതിന്റെ പിന്നിൽ നടന്നിരിക്കുന്നത് കോടിക്കണക്കിന് രൂപയുടെ അഴിമതിയാണ്. അത് അന്വേഷിക്കുന്നതിനുവേണ്ടിയുള്ള ഫലപ്രദമായ സംവിധാനം വേണം. ഈ തീപിടുത്തത്തെക്കുറിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മേൽനോട്ടത്തിലുള്ള അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ബ്രഹ്മപുരത്തെ തീപിടുത്തം

സംബന്ധിച്ച പ്രശ്നം ഇവിടെ ഉന്നയിക്കുകയുണ്ടായി. പ്രശ്നം വളരെ ഗൗരവമുള്ളതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത് ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നാണ്, അത് വസ്തുതാപരമല്ല. 02-03-2023-നാണ് തീപിടുത്തമുണ്ടായത്. അന്നുതന്നെ കൊച്ചി മേയറുമായും ശ്രീ. ടി. ജെ. വിനോദ്, എം.എൽ.എ.-യുമായും ഞാനും എറണാകുളത്തുനിന്നുള്ള മന്ത്രി ശ്രീ. പി. രാജീവും ബന്ധപ്പെട്ടിരുന്നതാണ്. നിരന്തരമായി കോർപ്പറേഷനുമായും മേയറുമായും ബന്ധപ്പെട്ട് സ്ഥിതിഗതികൾ വിലയിരുത്തിക്കൊണ്ടിരുന്നു. 05-03-2023-ന് രാവിലെ ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി, ആരോഗ്യ വകുപ്പുമന്ത്രി എന്നിവർ നേരിട്ടും ഞാൻ ഓൺലൈനിലൂടെയും പങ്കെടുത്തുകൊണ്ട് ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും ഉന്നതതല യോഗം ചേർന്ന് കാര്യങ്ങൾ വിലയിരുത്തി യുദ്ധകാലാടിസ്ഥാനത്തിലുള്ള നടപടികൾ സർക്കാരും കോർപ്പറേഷനും ജില്ലാ ഭരണകൂടവും സ്വീകരിച്ചിട്ടുണ്ട്, അതാണ് വസ്തുത. 05-03-2023-ൽ കൂടിയ യോഗത്തിന്റെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ പരിഭ്രാന്തിയുണ്ടാക്കുന്ന ഒരു സാഹചര്യം

കൊച്ചിയിലില്ല. തീ അണയ്ക്കുന്നതിൽ ഏറെക്കുറെ പൂർണ്ണമായും വിജയിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഒറ്റപ്പെട്ട ചില സ്ഥലങ്ങളിൽ ഇപ്പോഴും തീ നിലനിൽക്കുന്നുണ്ട്. ഇന്നത്തോടുകൂടി തീ പൂർണ്ണമായും അണയ്ക്കാൻ കഴിയുമെന്നാണ് കരുതുന്നത്. സ്ഥിതിഗതികൾ നിയന്ത്രണവിധേയമാണ്. രണ്ടാമത്തെ കാര്യം, അവിടുത്തെ എയർ ക്വാളിറ്റി നിരന്തരമായി മോണിറ്റർ ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. അത് 2-ാം തീയതിയിലെ സ്ഥിതിയിൽനിന്നും മെച്ചപ്പെട്ടുവരികയാണ്. മൂന്നാമത്, ഗുരുതര ആരോഗ്യപ്രശ്നങ്ങൾ ഇതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ഹെൽത്ത് എമർജൻസിയെന്ന സാഹചര്യം അവിടെ നിലനിൽക്കുന്നില്ല. 05-03-2023-ന് നടന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അവിടെ ഏറ്റവും പ്രധാനപ്പെട്ട പ്രായോഗിക പ്രശ്നം മാലിന്യ കൂമ്പാരം കിടക്കുന്ന സ്ഥലത്തേയ്ക്ക് ഫയർ ഫോഴ്സ് വാഹനങ്ങൾക്ക് എത്തിച്ചേരാൻ കഴിയാതിരുന്ന സാഹചര്യമുണ്ടായിരുന്നു എന്നതാണ്. ഇപ്പോൾ വാഹനങ്ങൾക്ക് അടിയന്തരമായി എത്തിച്ചേരാനുള്ള റോഡ് സംവിധാനമൊരുക്കിയിട്ടുണ്ട്. അതുപോലെതന്നെ ഏകോപനത്തിനുള്ള സംവിധാനമൊരുക്കുന്നതിന് ഇന്നലെ

ചേർന്ന യോഗത്തിൽ തീരുമാനമായിട്ടുണ്ട്. ഭാവിയിൽ ഇത്തരം സാഹചര്യങ്ങളുണ്ടായാൽ കൈകാര്യം ചെയ്യുന്നതിന് വിവിധ വകുപ്പുകളുടെ ഓരോ ആളുകളെ ചുമതലപ്പെടുത്തിക്കൊണ്ട് ഒരു ഏകോപന സംവിധാനമൊരുക്കിയിട്ടുണ്ട്. ഒപ്പം ജില്ലാതലത്തിൽ ജില്ലാ ഭരണകൂടം, കോർപ്പറേഷൻ, ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി അദ്ധ്യക്ഷന്മാരടങ്ങുന്ന ഒരു മോണിറ്ററിംഗ് സമിതി യോഗം ചേർന്ന് റിവ്യൂ നടത്തണമെന്നും തീരുമാനിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പ് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കളമശ്ശേരി മെഡിക്കൽ കോളേജിലും ഡി.എം.ഒ. ഓഫീസിലുമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന രണ്ട് കോൾ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. അതുപോലെ അധിക പശ്ചാത്തല സൗകര്യമെന്ന നിലയിൽ എറണാകുളം ഗവൺമെന്റ് ആശുപത്രിയിൽ 100 ബെഡ്ഡുകൾ, തൃപ്പൂണിത്തുറ താലൂക്കാശുപത്രിയിൽ 20 ബെഡ്ഡുകൾ എന്നിങ്ങനെ ക്രമീകരിച്ചിട്ടുണ്ട്. കളമശ്ശേരി ഗവൺമെന്റ് മെഡിക്കൽ കോളേജിൽ സ്മോക്ക് കാഷ്വാലിറ്റി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പീഡിയാട്രിക് ഹൈ ഡിപ്പൻഡൻസി യൂണിറ്റ് സജ്ജീകരിച്ചിട്ടുണ്ട്. ബ്രഹ്മപുരത്തിന് തൊട്ടുമുമ്പുള്ള വടവുകോട്

സാമൂഹികാരോഗ്യ കേന്ദ്രത്തിൽ 24 മണിക്കൂറും ഡോക്ടറുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. മറ്റ് മെഡിക്കൽ കോളേജുകളിലുൾപ്പെടെയുള്ള പൾമണോളജിസ്റ്റുകളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. ബ്രഹ്മപുരത്ത് രണ്ട് ഓക്സിജൻ പാർലറുകൾ 4-ാം തീയതി വൈകുന്നേരം മുതൽ സജ്ജീകരിച്ചിട്ടുണ്ട്. പക്ഷേ ഓക്സിജൻ പാർലറുകളുടെ സേവനം ആരും ഉപയോഗപ്പെടുത്തിയിട്ടില്ലെന്നുള്ളതാണ് ലഭ്യമായ വിവരം. ഗുരുതരമായ സാഹചര്യമല്ല നിലവിലുള്ളത്, അവിടെ സ്ഥിതിഗതികൾ നിയന്ത്രണവിധേയമാണ്. തീ കെടുത്തുന്നതിന് ഫയർ ഫോഴ്സിനുപുറമെ ഇന്ത്യൻ നേവിയുടെ ഹെലികോപ്റ്ററും പ്രവർത്തനരംഗത്തുണ്ടായിരുന്നു. ഇതിനുപുറമെ ബി.പി.സി.എൽ., എച്ച്.പി.സി.എൽ., കൊച്ചിൻ പോർട്ട് ട്രസ്റ്റ്, എഫ്.എ.സി.ടി. തുടങ്ങിയ സ്ഥാപനങ്ങളുടെ സംവിധാനങ്ങൾകൂടി പ്രയോജനപ്പെടുത്താൻ തീരുമാനിക്കുകയും അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ 250-ഓളം ജീവനക്കാർ, 32 ഫയർ യൂണിറ്റുകൾ, നിരവധി ഹിറ്റാച്ചികൾ, ഉയർന്ന ശേഷിയുള്ള മോട്ടോർ പമ്പുകൾ എന്നിവ ഉപയോഗിച്ചാണ് ഈ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്. ഇതിന്റെയെല്ലാം

പ്രവർത്തനഫലമായാണ് തീ വൻതോതിൽ നിയന്ത്രിക്കാൻ കഴിഞ്ഞത്. വർഷങ്ങളായി നിക്ഷേപിച്ച വിവിധതരത്തിലുള്ള മാലിന്യങ്ങൾക്കാണ് തീപിടിച്ചിട്ടുള്ളത്. മാലിന്യങ്ങൾ പല അടുക്കുകളായിട്ടുള്ളതാണ്. തീ പൂർണ്ണമായും കെടുത്തുന്നതിന് കുറച്ച് സമയമെടുത്തിട്ടുണ്ടെന്നുള്ളത് ശരിയാണ്. മാത്രമല്ല, നേരത്തെ പറഞ്ഞതുപോലെ ആ പ്രദേശത്തേയ്ക്ക് യന്ത്രങ്ങൾക്കും വാഹനങ്ങൾക്കും കടന്നുചെല്ലാനുള്ള ബുദ്ധിമുട്ടുകളുണ്ടായിട്ടുണ്ട്. 2018-ലെ പ്രളയകാലത്ത് ഓടകളിലെ വെള്ളം വറ്റിക്കുന്നതിനായി കൊച്ചിയിൽ ഉപയോഗിച്ച ഉയർന്നശേഷിയുള്ള മോട്ടോർ പമ്പുകൾ ഉപയോഗിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. തീ അണയ്ക്കുന്ന പ്രവർത്തനത്തിൽ ഏർപ്പെട്ടിട്ടുള്ളവരുടെ ആരോഗ്യ സംരക്ഷണത്തിനുള്ള നടപടികളും ഡി.എം.ഒ.-യുടെ നേതൃത്വത്തിൽ സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ നാല് വർഷങ്ങളിലും ബ്രഹ്മപുരത്ത് ഇത്തരത്തിലുള്ള തീപിടുത്തം ഉണ്ടായിട്ടുണ്ടെന്ന കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനും അവിടെനിന്നുള്ള ജനപ്രതിനിധികൾക്കുമെല്ലാം അറിയാവുന്ന കാര്യമാണ്. ഇന്നലെ നടന്ന യോഗത്തിലും അക്കാര്യങ്ങൾ ചൂണ്ടിക്കാണിക്കപ്പെട്ടു. അതുകൊണ്ടുതന്നെ

ഭാവിയിൽ ഇത്തരത്തിലുള്ള അപകടങ്ങൾ ഉണ്ടാകാതിരിക്കാനുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഇപ്പോൾ സ്വീകരിച്ച ഹ്രസ്വകാല നടപടികൾക്കുപുറമെ ദീർഘകാല നടപടികൾ സ്വീകരിക്കുന്നതിന് നമുക്ക് കൂട്ടായി പരിശ്രമിക്കാം. ഗവൺമെന്റിന്റെ ശക്തമായ ഇടപെടലുകളുണ്ടാകും. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എറണാകുളം ജില്ലയിൽനിന്നുള്ള ആളാണ്. അദ്ദേഹത്തിന്റെയും അവിടത്തെ ജനപ്രതിനിധികളുടെയും കോർപ്പറേഷന്റെയും ജില്ലാ ഭരണകൂടത്തിന്റെയുമെല്ലാം നേതൃത്വത്തിൽ  ഈ അനുഭവത്തിന്റെകൂടി അടിസ്ഥാനത്തിൽ ദീർഘകാല നടപടികളെക്കുറിച്ച് നമുക്ക് ആലോചിക്കാം. പ്രത്യേകമായിത്തന്നെ അവിടെ യോഗം ചേർന്ന് വളരെ ഗൗരവമായ നടപടി സർക്കാർ സ്വീകരിക്കും. അദ്ദേഹം വളരെ പ്രധാനപ്പെട്ട കാര്യമാണ് ഉന്നയിച്ചതെന്നുള്ളതുകൊണ്ട് ഒന്നുരണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾകൂടി പറയാം. തീപിടുത്തത്തിന്റെ കാരണം സംബന്ധിച്ച് ഒരു ആരോപണം അദ്ദേഹമിവിടെ ഉന്നയിക്കുകയുണ്ടായി. കാരണം കണ്ടെത്തുന്നതിന് പോലീസിന്റെയും ഏജൻസികളുടെയും നേതൃത്വത്തിൽ അന്വേഷണം നടക്കുന്നുണ്ട്. ഈ അന്വേഷണം പൂർത്തിയാകുന്നതോടെമാത്രമേ തീപിടുത്തത്തിന്റെ യഥാർത്ഥ

കാരണം കണ്ടെത്താനാകൂ. ഇപ്പോൾ കേരളത്തിൽ വ്യാപകമായി തീപിടുത്തമുണ്ടായിക്കൊണ്ടിരിക്കുന്ന കാര്യം നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. കാസർഗോഡ്, കണ്ണൂർ തുടങ്ങി പല ജില്ലകളിലും ഇപ്പോൾ തീപിടുത്തം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഉയർന്ന അന്തരീക്ഷ താപനില ഇതിനൊരു കാരണമാണ്. ബ്രഹ്മപുരത്തെ തീപിടുത്തത്തിന്റെ തീവ്രത മുൻകാലങ്ങളിലേതിനേക്കാൾ കൂടുന്നതിന് ഉയർന്ന അന്തരീക്ഷ താപനില ഒരു കാരണമായിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ടുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിക്കേണ്ടതിന്റെ, അതിൽ കക്ഷിരാഷ്ട്രീയത്തിനതീതമായി ഒരുമിച്ച് നിൽക്കേണ്ടതിന്റെ പ്രാധാന്യംകൂടി ഈ അനുഭവം ബോദ്ധ്യപ്പെടുത്തുന്നുണ്ട്. നിലവിൽ 500 ടൺ മാലിന്യം സംസ്കരിക്കാൻ ശേഷിയുള്ള ഒരു വേസ്റ്റ് ടു എനർജി പ്ലാന്റ് ബ്രഹ്മപുരത്ത് വിഭാവനം ചെയ്തിട്ടുണ്ട്. അതിനുപുറമെ 200 ടൺ ജൈവ മാലിന്യം പ്രതിദിനം സംസ്കരിക്കാൻ ശേഷിയുള്ള ജൈവവളം നിർമ്മാണ യൂണിറ്റ്, പുതിയ വളം നിർമ്മാണ യൂണിറ്റും ഈ വേസ്റ്റ് ടു എനർജി പ്ലാന്റും സജ്ജമാകുന്നതോടെ കൊച്ചിയിലെ മാലിന്യ പ്രശ്നത്തിന് ശാശ്വത

പരിഹാരമുണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. എത്രയുണ്ടെന്ന് കണക്കാക്കാൻ കഴിയാത്ത മാലിന്യമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞു. പക്ഷേ അവയെപ്പറ്റി കൃത്യമായ കണക്കുണ്ട്, 559103 ക്യൂബിക് മീറ്റർ ലഗസി വേസ്റ്റാണ് ബ്രഹ്മപുരത്ത് 40.24 ഏക്കർ ഭൂമിയിലായി വ്യാപിച്ച് കിടക്കുന്നത്. ഇതിനകം 30 ശതമാനം ലഗസി വേസ്റ്റ് ബയോ മൈനിംഗിലൂടെ നീക്കം ചെയ്യാൻ സാധിച്ചിട്ടുണ്ട്. അദ്ദേഹം പറഞ്ഞത് കാലാവധി കഴിഞ്ഞുവെന്നുള്ളതാണ്. യഥാർത്ഥത്തിൽ ബയോ മൈനിംഗ് പൂർത്തിയാക്കേണ്ടിയിരുന്നത് സെപ്റ്റംബർ മാസത്തിലായിരുന്നു. പക്ഷേ കേരളത്തിൽ മഴയുടെ അളവ് കൂടിയതും കോവിഡ് മഹാമാരിമൂലമുണ്ടായ കെടുതികളുംകാരണം ഇതെല്ലാം പൂർത്തിയാക്കുന്നതിന് കാലതാമസമുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ഞാൻതന്നെ കോർപ്പറേഷൻ മേയറും ബന്ധപ്പെട്ട അധികാരികളും എല്ലാവരും പങ്കെടുത്തുകൊണ്ടുള്ള യോഗം തിരുവനന്തപുരത്ത് വിളിച്ചുചേർത്തിരുന്നു. അതിൽ സമയബന്ധിതമായി ഇത് പൂർത്തീകരിക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. 24 മണിക്കൂറും ബയോ മൈനിംഗ് നടത്താനും അതിനുള്ള സജ്ജീകരണങ്ങളേർപ്പെടുത്താനും

ആ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. അക്കാര്യത്തിൽ കുറവുണ്ടായിട്ടുണ്ടോയെന്നത് ഗൗരവമായിത്തന്നെ സർക്കാർ പരിശോധിക്കുന്നതാണ്. ബയോ മൈനിംഗ് നടപടികൾ പൂർത്തിയാക്കുന്നതിനായി 2023 ജൂൺ 30 വരെയാണ് ഇപ്പോൾ സമയം അനുവദിച്ചിട്ടുള്ളത്. ആ സമയത്തിനുള്ളിൽ ബയോ മൈനിംഗ് പൂർത്തിയാക്കുന്നതിനാണ് 24 മണിക്കൂറും ബയോ മൈനിംഗ് നടത്തണമെന്ന് കർശനമായി നിർദ്ദേശിച്ചിട്ടുള്ളത്. അവസാനമായി പറയാനുള്ളത്, ഈ പാഠം നമുക്ക് നൽകുന്ന സന്ദേശമെന്തെന്നാൽ, മാലിന്യ സംസ്കരണം അടിയന്തര പ്രാധാന്യത്തോടെ അഭിസംബോധന ചെയ്യേണ്ടതാണെന്നുള്ളതാണ്. സർക്കാർ അടിയന്തര പ്രാധാന്യം കൊടുക്കുന്ന ഒരു കാര്യമാണ് മാലിന്യ സംസ്കരണം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും കൊച്ചിയിൽ നടന്ന കോൺക്ലേവിൽ പങ്കെടുത്തിരുന്നു. ഇക്കാര്യത്തിൽ പ്രതിപക്ഷത്തിന്റെകൂടി സഹകരണമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. കാരണം ഇതൊരു കക്ഷിരാഷ്ട്രീയ പ്രശ്നമല്ല. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഭരണപക്ഷവും പ്രതിപക്ഷവും മാറിമാറി ഭരണം നടത്തുന്നുണ്ട്. അതിനാൽ

കൂട്ടായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ, ജനങ്ങൾ എല്ലാവരും ഒറ്റക്കെട്ടായി ഈ പ്രശ്നം പരിഹരിക്കണം. 2026-ഓടുകൂടി സമ്പൂർണ്ണമായും മാലിന്യമുക്തമാക്കുകയെന്ന ലക്ഷ്യത്തോടെ നമുക്ക് കൂട്ടായി മുന്നോട്ടുപോകാം, അതിനുള്ള പിന്തുണകൂടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

(2) ആശാ വർക്കർമാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം

ശ്രീ. രമേശ് ചെന്നിത്തല: സർ, കേരളത്തിലെ ആശാ വർക്കർമാർ നേരിടുന്ന പ്രശ്നങ്ങളാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നത്. 31200 ആശാ വർക്കർമാർ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. വീട്ടിൽ കഴിയുന്ന രോഗികൾക്ക് മരുന്ന് എത്തിക്കൽ, വിവരശേഖരണം, റിപ്പോർട്ട് തയ്യാറാക്കൽ മുതൽ നിശ്ചിത ദിവസം സർക്കാർ ആശുപത്രികളിലെ സേവനം വരെ ഇവരുടെ ഉത്തരവാദിത്വമാണ്. ആയിരം പേർക്ക് ഒരു ആശാ വർക്കർ എന്നായിരുന്നു നേരത്തെ സങ്കൽപ്പമെങ്കിലും ഒരു വാർഡിൽ ഒരു ആശാ വർക്കറാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ദിവസവും 8 മണിക്കൂറിലധികം ജോലി ചെയ്യുന്ന ഇവരുടെ ജീവിതം വളരെ ദുരിതപൂർണ്ണമാണ്. സന്നദ്ധസേവകരായി പരിഗണിച്ച് ഇവർക്ക് ഓണറേറിയം മാത്രമാണ്

നൽകിവരുന്നത്. എന്നാൽ ഇവരെക്കൊണ്ട് നിരവധി ജോലികൾ ചെയ്യിപ്പിക്കുകയാണ്. 6000 രൂപയാണ് ഓണറേറിയം നൽകുന്നത്. തൊഴിലുറപ്പ് തൊഴിലാളികൾക്കുപോലും ദിവസം 311 രൂപ ലഭിക്കുന്നുണ്ട്. സർവ്വേ അടക്കമുള്ള കാര്യങ്ങൾ ചെയ്യേണ്ടിവരുന്ന അവസരത്തിൽ തുച്ഛമായ തുകയാണ് ഇൻസെന്റീവായി നൽകുന്നത്. മഴയും വെയിലും നോക്കാതെ ഗ്രാമ-നഗര പ്രദേശങ്ങളിൽ യാത്ര ചെയ്തും ഭവന സന്ദർശനം നടത്തിയുമാണ് ഇവർ പ്രവർത്തിക്കുന്നത്. യാത്രാപ്പടിയായി ഒരു രൂപപോലും കൊടുക്കുന്നില്ല. മൊബൈൽ ഫോണിലൂടെയാണ് പല വിവരങ്ങളും ശേഖരിക്കുന്നത്. മൊബൈൽ ഫോണിനുള്ള ഒരു സൗകര്യവും ഗവൺമെന്റ് കൊടുക്കുന്നില്ല. ധാരാളം കൃത്യങ്ങൾ ആരോഗ്യ വകുപ്പ് ഇവർക്ക് നൽകിവരുന്നുണ്ട്. നിലവിൽ ആശാ വർക്കർമാർ 30 വയസ്സ് കഴിഞ്ഞ എല്ലാ വ്യക്തികളുടേയും ജീവിതശൈലീ രോഗനിർണ്ണയത്തിന്റെ ഭാഗമായി വിവരശേഖരണം നടത്തുകയാണ്. ഓരോ ആളിന്റേയും വിവരം മൊബൈൽ ഫോണിൽ ശേഖരിക്കണം, മൊബൈൽ ഫോൺ ചാർജ്ജായി ഒരു സഹായവും കൊടുക്കുന്നില്ല. സർക്കാർ പരിപാടികൾക്ക് ആളെക്കൂട്ടുന്ന ജോലിയും ഇവരുടെ ഉത്തരവാദിത്വമാണ്.

കടുത്ത വേനൽക്കാലത്തും മഴയത്തും വീടുകൾ കയറിയിറങ്ങി സേവനം ചെയ്യുന്ന ഒരുകൂട്ടം ആളുകളാണ് ഇവർ. വിവിധ മേഖലകളിൽ തൊഴിലാളികൾക്ക് വേനലിന്റെ കാഠിന്യം കണക്കിലെടുത്ത് തൊഴിൽ സമയങ്ങൾ പുന:ക്രമീകരിച്ചിട്ടുണ്ടെങ്കിലും ആശാ വർക്കർമാർക്ക് ആശ്വാസം നൽകുന്ന ഒരു തീരുമാനവുമുണ്ടായിട്ടില്ല. ചുട്ടുപൊള്ളുന്ന വെയിലിൽ അവർ ഇപ്പോഴും പ്രവർത്തിക്കുകയാണ്. കോവിഡിന്റെ കാലഘട്ടത്തിൽ ഇവർ ചെയ്ത സേവനം കേരളക്കരയ്ക്ക് ഒരിക്കലും മറക്കാൻ കഴിയാത്തതാണ്. കോവിഡ് ഉൾപ്പെടെയുള്ള ഏത് മഹാമാരിയിലും കേരളത്തിന് പിടിച്ചുനിൽക്കാൻ കഴിയുന്നത് ഇവരെപ്പോലെയുള്ള ആളുകളുടെ പ്രവർത്തനംകൊണ്ടാണ്. ഇവരുടെ സേവന-വേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കേണ്ടതായിട്ടുണ്ട്. രണ്ടുമൂന്ന് നിർദ്ദേശങ്ങൾ ഞാൻ മുന്നോട്ടുവയ്ക്കുകയാണ്. ആശാവർക്കർമാരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിന് പ്രത്യേക സമിതിയെ നിയോഗിക്കണം. ഇവരുടെ സേവന-വേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കണം. ആരോഗ്യ വകുപ്പിലെ ജീവനക്കാർക്ക് ലഭ്യമാകുന്ന ഏറ്റവും കുറഞ്ഞ ശമ്പള സ്കെയിലിന് തുല്യമായ ഓണറേറിയമെങ്കിലും ഇവർക്ക് ഉറപ്പുവരുത്തണം. സർക്കാർ

ജീവനക്കാർക്ക് പ്രഖ്യാപിക്കുന്ന ക്ഷാമബത്തയ്ക്ക് ആനുപാതികമായ ഓണറേറിയം വർദ്ധനവ് ആശാ വർക്കർമാർക്ക് അനുവദിക്കണം. കേരളത്തിലെ സർക്കാർ മേഖലയിലെ കരാർ ജീവനക്കാർക്ക് ഇത് കിട്ടിവരുന്നുണ്ട്. ആശാ വർക്കർമാരുടെ ജോലികൾ ഓരോന്നും കൃത്യമായി നിർവ്വചിക്കേണ്ടിയിരിക്കുന്നു. ഇവരുടെ ജോലിക്ക് നിരന്തരമായി യാത്രചെയ്യേണ്ടി വരുന്നതുകൊണ്ട് അതിന് കൺസോളിഡേറ്റഡായ ഒരു തുക അവരുടെ പ്രവൃത്തി ഫലപ്രദമായി നടപ്പിലാക്കാൻ നൽകണം. ആശാ വർക്കർമാരെ ഇ.എസ്.ഐ.-യുടെ പരിധിയിൽ ഉൾപ്പെടുത്താൻ വലിയ പ്രയാസമില്ല, അത് ഗവൺമെന്റ് ശ്രദ്ധിക്കണം. ആശാ വർക്കർമാർക്ക് എല്ലാ മാസവും നിശ്ചിതതുക പെർമനന്റ് കൺവെയൻസ് അലവൻസായി നൽകണം. മുഴുവൻ ആശാ വർക്കർമാരേയും എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിന്റെ ഭാഗമാക്കണം. അവർ ചെയ്യുന്ന സേവനത്തിന്റെ മാഹാത്മ്യം കണക്കിലെടുത്ത് അവർക്കുവേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കണമെന്ന് അങ്ങയിലൂടെ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് ഞാൻ ആവശ്യപ്പെടുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാന്യനായ മുൻ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല ഉന്നയിച്ച വിഷയം ആശാ വർക്കർമാരുമായി ബന്ധപ്പെട്ടുള്ളതാണ്. ഇന്ന് നമ്മുടെ പൊതുജനാരോഗ്യമേഖലയിലെ ഏറ്റവും അഭിവാജ്യമായ ഘടകമാണ് ആശാ വർക്കർമാർ എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. കേരളത്തിൽ ആശാ പദ്ധതി 2007 മുതലാണ് നടപ്പിലാക്കിയത്. 2016-17-ൽ പ്രതിമാസം അവർക്ക് നൽകിയിരുന്ന ഓണറേറിയം 1500 രൂപയായിരുന്നു. എൽ.ഡി.എഫ്. സർക്കാരാണ് ഇത് ഘട്ടംഘട്ടമായി വർദ്ധിപ്പിച്ച് 6000 രൂപയാക്കിയത്. ഇന്ത്യയിൽത്തന്നെ ആശാ വർക്കർക്ക് സംസ്ഥാന വിഹിതമായി ഏറ്റവും കൂടുതൽ ഓണറേറിയം നൽകുന്ന സംസ്ഥാനമാണ് കേരളം. ഇതിനുപുറമേ ആശാ വർക്കർമാരുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ വിഹിതമായ ഇൻസെന്റീവുകൾ വർദ്ധിപ്പിച്ച് നൽകാനായി കേന്ദ്ര സർക്കാരിലേയ്ക്ക് സമ്മർദ്ദം ചെലുത്തുന്നുമുണ്ട്. കേരളത്തിൽ അംഗീകൃത സാമൂഹ്യ ആരോഗ്യ പ്രവർത്തകരായി സംസ്ഥാനത്തുടനീളം ആശാ പ്രവർത്തകരെ തെരഞ്ഞെടുക്കുകയും വിവിധ ഘട്ടങ്ങളിലായി പരിശീലനം

നൽകിവരികയും ചെയ്യുന്നുണ്ട്. 14 ജില്ലകളിലായി നിലവിൽ 21694 പേർ ഗ്രാമപ്രദേശങ്ങളിലും 4205 പേർ നഗരപ്രദേശങ്ങളിലും 549 പേർ ട്രൈബൽ മേഖലയിലുമായി ആകെ 26448 പേരാണ് ആശാ പ്രവർത്തകരായി ജോലി ചെയ്തുവരുന്നത്. ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങളുണ്ട്. നിലവിൽ ആശാ വർക്കർ, ജെ.പി.എച്ച്.എൻ., ജെ.എച്ച്.ഐ. മുതലായ ആരോഗ്യപ്രവർത്തകരുടെ roles and responsibility-യെ സംബന്ധിച്ച് ചർച്ചചെയ്ത് ആശാ വർക്കർമാർക്ക് പ്രവർത്തിക്കുന്നതിന് എളുപ്പമാകുന്നൊരു സാഹചര്യമുണ്ടാക്കാൻ കഴിയുമോയെന്ന കാര്യം സർക്കാർ പരിശോധിച്ച് അതിന്റെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആശാ പ്രവർത്തകർക്ക് 2022 ഡിസംബർ, 2023 ജനുവരി, ഫെബ്രുവരി മാസങ്ങളിലെ ഓണറേറിയം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2023 ജനുവരി വരെയുള്ള എല്ലാ ഓണറേറിയവും ഇൻസെന്റീവുകളും വിതരണം ചെയ്തിട്ടുണ്ട്. 02-03-2023-ലെ സർക്കാർ ഉത്തരവുപ്രകാരം ആശാ പ്രവർത്തകരുടെ ജോലികൾ കൃത്യമായി നിർവ്വചിക്കുകയും യോഗ്യത, തെരഞ്ഞെടുപ്പ്, പരിശീലനം, സേവന കാലാവധി, ഓണറേറിയം, പ്രശ്നപരിഹാര സംവിധാനങ്ങൾ, സേവനത്തിൽ നിന്ന്

മാറിനിൽക്കൽ എന്നിവ സംബന്ധിച്ച് സമഗ്രമായ ആശാ പദ്ധതിയുടെ മാർഗ്ഗരേഖ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2022 ഏപ്രിൽ മുതൽ ആശാ വർക്കർമാർക്ക് പ്രതിമാസം 200 രൂപ ടെലിഫോൺ അലവൻസായി നൽകിവരുന്നുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ആശാ വർക്കർമാർക്ക് ജീവൻ നഷ്ടപ്പെട്ടിരുന്നു. ഈ പ്രവർത്തനങ്ങളിൽ ജീവൻ നഷ്ടമായ 12 ആശാ വർക്കർമാരുടെ കുടുംബങ്ങൾക്ക് സംസ്ഥാനത്തിന്റെ സാമ്പത്തിക പരിമിതികൾക്കിടയിലും കഴിയുന്നരീതിയിൽ സഹായം ഉറപ്പുവരുത്താൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്കൊപ്പം സംസ്ഥാന സർക്കാരിന്റെ നവകേരള കർമ്മ പദ്ധതി-2-ന്റെ ഭാഗമായി ആർദ്രം മിഷനിലൂടെ ജീവിതശൈലീ രോഗങ്ങൾ കണ്ടെത്തു,ക അതിന്റെ സ്ക്രീനിംഗ്, ഇപ്പോൾ ആരംഭിച്ചിട്ടുള്ള അനീമിയയ്ക്കെതിരെയുള്ള കേരളത്തിന്റെ പോരാട്ടം, വിളർച്ചയിൽനിന്ന് വളർച്ചയിലേയ്ക്ക് എന്ന 'വിവ കേരള'ത്തിന്റെ പരിപാടി സ്ത്രീകൾക്കിടയിൽ നടത്തുന്നതിന് ആശാ പ്രവർത്തകരേയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിനുള്ള മറുപടിയിൽ ആശാ വർക്കർമാരുടെ ഓണറേറിയം

വർദ്ധിപ്പിച്ച് നൽകുമെന്ന് പറഞ്ഞിട്ടുണ്ട്. അത് നിശ്ചയമായും എൽ.ഡി.എഫ്. സർക്കാരിന് ആശാ വർക്കർമാരോടുള്ള സമീപനവും പ്രതിബദ്ധതയും വ്യക്തമാക്കുന്നതാണ്. അതിനനുസരിച്ചുള്ള നടപടികൾ സ്വീകരിക്കും.

(3) <u>ചക്കിട്ടപ്പാറ ഐ.ടി.ഐ. കെട്ടിട നിർമ്മാണം</u>

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, പേരാമ്പ്ര മണ്ഡലത്തിലെ ചക്കിട്ടപ്പാറ പഞ്ചായത്തിൽ മുതുകാട് പേരാമ്പ്ര ഗവൺമെന്റ് ഐ.ടി.ഐ.-യ്ക്കുവേണ്ടി റവന്യൂ വകുപ്പ് 4 ഏക്കർ സ്ഥലം അനുവദിച്ചിട്ടുണ്ട്. ഐ.ടി.ഐ.-യുടെ പ്രവൃത്തി ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വച്ചിട്ടും ഭൂമിയിലെ മരം മുറിച്ചുമാറ്റാത്തതിനാൽ പ്രവൃത്തി ആരംഭിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഈ ഭൂമിയിലെ മരങ്ങൾ മുറിച്ചുമാറ്റാനായി നിശ്ചയിച്ച അടിസ്ഥാനവില വളരെ ഉയർന്നതായതിനാൽ ലേലത്തിൽ പങ്കെടുക്കാൻ ആരും തയ്യാറാകാത്ത സ്ഥിതിയാണുള്ളത്. പ്രസ്തുത സ്ഥലത്തുള്ള റബ്ബർ മരങ്ങൾക്ക് വില നിശ്ചയിച്ചിട്ടുമില്ല. കരാർ ഏറ്റെടുത്ത കോൺട്രാക്ടർ പ്രവൃത്തിയിൽനിന്ന് പിന്മാറുകയാണെന്ന് കാണിച്ച് കത്ത് നൽകിയിരിക്കുന്നു. മൂന്ന് പ്രാവശ്യം ടെണ്ടർ ചെയ്തെങ്കിലും ആരും ടെണ്ടർ ഏറ്റെടുത്തിട്ടില്ല. ഈ സാഹചര്യത്തിൽ റവന്യൂ വകുപ്പിന് ഐ.ടി.ഐ.

അധികൃതർ കത്ത് നൽകിയിട്ടുണ്ട്, എന്നിട്ടും ഒരു നടപടിയും ഇതുവരേയും സ്വീകരിച്ചിട്ടില്ല. മരം മുറിച്ചുമാറ്റാൻ കരാറുകാരെ കിട്ടാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. മരം മുറിച്ചുമാറ്റാൻ വില്ലേജ് ഓഫീസറെയോ, പഞ്ചായത്ത് സെക്രട്ടറിയെയോ ചുമതലപ്പെടുത്തി നിർദ്ദേശം നൽകണം. നിലവിൽ ഐ.ടി.ഐ.-യ്ക്കുവേണ്ടി കൈമാറിക്കിട്ടിയ ഭൂമിയിലെ മരങ്ങൾ മുറിച്ചുമാറ്റി ഐ.ടി.ഐ.-യ്ക്ക് അടിയന്തരമായി കെട്ടിടം പണിയാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. ടെണ്ടറായിട്ടുതന്നെ രണ്ട് വർഷം കഴിഞ്ഞു. രണ്ടുമൂന്ന് വർഷത്തോളമായി കാത്തിരുന്നിട്ടും വർക്ക് ആരംഭിക്കാൻ കഴിയുന്നില്ലെന്ന് പറയുന്നത് ഏറ്റവും ഗൗരവമുള്ള പ്രശ്നമാണ്. ഈ പ്രശ്നം അടിയന്തരമായി പരിഹരിക്കുന്നതിനുള്ള അടിയന്തര ഇടപെടലാണ് റവന്യൂ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകേണ്ടത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ടി. പി. രാമകൃഷ്ണൻ ഉന്നയിച്ചിട്ടുള്ളത്. കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിൽപ്പെട്ട ചക്കിട്ടപാറയിലെ മുതുകാട് എന്ന സ്ഥലത്ത് ഗവൺമെന്റ് ഐ.ടി.ഐ.യ്ക്ക്

കെട്ടിടം നിർമ്മിക്കാനായി അനുവദിച്ച ഭൂമിയിലെ 29 മരങ്ങൾ മുറിച്ചുമാറ്റുന്നതിനായി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഉത്തരവ് പ്രകാരം അടിസ്ഥാനവിലയായ 6,13,367/- രൂപ നിശ്ചയിച്ച് ലേലം നടത്തിയെങ്കിലും അടിസ്ഥാനവില ഉയർന്ന തുകയാണെന്ന കാരണത്താൽ ആരുംതന്നെ ലേലത്തിൽ പങ്കെടുക്കാതെ ലേലനടപടികൾ പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. പുറമ്പോക്ക് ഭൂമിയിലോ മിച്ചഭൂമിയിലോ നിൽക്കുന്ന ഉണങ്ങിയതും കേടുവന്നതുമായ മരങ്ങൾക്ക് നിലവിലെ സീനിയറേജ് പ്രകാരമുള്ള പൊതുവായ വിലയ്ക്ക് ലേലംകൊള്ളാൻ ആരും തയ്യാറാകാത്തത് സർക്കാരിന് കനത്ത സാമ്പത്തിക നഷ്ടമുണ്ടാക്കുമെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 05-07-2019-ലെ ഗവൺമെന്റ് ഉത്തരവ് 1802/2019/റവന്യൂ പ്രകാരം പൊതുജനതാത്പര്യമുള്ള വിഷയങ്ങളായി പരിഗണിച്ച് ടി മരങ്ങൾക്ക് നിശ്ചിത വിലയേക്കാൾ കുറഞ്ഞ വിലയാണ് ലഭിക്കുന്നതെങ്കിൽ ലഭിക്കുന്ന പരമാവധി വിലയ്ക്ക് അവ ലേലം നടത്തുവാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അനുമതി നൽകിയിരുന്നു. എന്നാൽ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയത്തിൽ പ്രതിപാദിച്ചിട്ടുള്ള മരങ്ങൾ നിലവിൽ ഉണങ്ങാത്ത നല്ല

മരങ്ങളായതിനാൽ 05-07-2019-ലെ ഉത്തരവ് പ്രകാരം നടപടി സ്വീകരിക്കാൻ സാധിക്കാതെവന്ന സാഹചര്യമാണുള്ളത്. പക്ഷേ ഉന്നയിക്കപ്പെട്ട പ്രശ്നം വളരെയധികം ഗുരുതരവും പലയിടങ്ങളിലും നിർമ്മാണ പ്രവർത്തനങ്ങളെ ബാധിക്കുന്നതുമാണ്. നേരത്തെ സ്മാർട്ട് വില്ലേജുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇത്തരം പ്രശ്നം വളരെ ഗൗരവമായി ഉയർന്നുവന്നിരുന്നു. ഈ പ്രതിസന്ധിയുടെ സാഹചര്യത്തിൽ പദ്ധതി നിർവ്വഹണ ഏജൻസിതന്നെ തനത് പ്രോജക്ടിന്റെ ഫണ്ടിൽനിന്നുള്ള പണം കണ്ടെത്തി മരം മുറിക്കുന്നതിനും ആയത് 2005-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി വനം വകുപ്പിന്റെ തടി ഡിപ്പോയിൽ എത്തിച്ച് രസീത് വാങ്ങി വനംവകുപ്പിന് കൈമാറുന്നതിന് അനുമതി നൽകിക്കൊണ്ട് 07-01-2021-ൽ 8/2022/വനം എന്ന പ്രത്യേക ഉത്തരവ് വനംവകുപ്പ് പുറപ്പെടുവിച്ചിരുന്നു. ഐ.ടി.ഐ.-യുടെ നിർമ്മാണ പ്രവത്തനങ്ങൾ തുടങ്ങി രണ്ട് കൊല്ലമായ സാഹചര്യത്തിൽ വളരെ വേഗതയിൽ ആരംഭിക്കേണ്ടതുണ്ട് എന്നുള്ളതിനാൽ മരങ്ങൾ അടിയന്തരമായി മുറിച്ചുമാറ്റേണ്ട സാഹചര്യമുണ്ടെന്നതും യാഥാർത്ഥ്യമാണ്. ഇതിനായി മേൽ പരാമർശിച്ച

ഉത്തരവിലെ വ്യവസ്ഥകൾ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരിക്കുന്ന വിഷയത്തിൽക്കൂടി ബാധകമാക്കാൻ കഴിയുമോയെന്നത് സംബന്ധിച്ച് പരിശോധിക്കാനായി ബന്ധപ്പെട്ട വനം, തൊഴിൽ വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ബഹുമാനപ്പെട്ട അംഗം ഉൾപ്പെടെയുള്ളവരുടെ ഒരു ഉന്നതതല യോഗം വിളിച്ചുചേർത്തുകൊണ്ട് അടുത്ത ആഴ്ചതന്നെ ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

(4) <u>ആയിരവല്ലി പാറ ഖനനം</u>

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, എക്കാലവും സംരക്ഷിക്കപ്പെടേണ്ട അത്യധികം പാരിസ്ഥിതിക പ്രാധാന്യമുള്ള കൊല്ലം ജില്ലയിലെ ആയിരവല്ലി പാറഖനനത്തിന് നൽകിയ എൻ.ഒ.സി.യുമായി ബന്ധപ്പെട്ടാണ് ഈ സബ്മിഷൻ. കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കിൽ ഇളമാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 27-ൽ റീസർവ്വേ 130/3-ൽ ഉൾപ്പെട്ട 12.7726 ഹെക്ടർ വരുന്ന ആയിരവല്ലി പാറയിലെ ഏതാണ്ട് 7 ഹെക്ടറോളം സ്ഥലം പാറഖനനം ചെയ്യുന്നതിനായി ഒരു സ്വകാര്യ കമ്പനിക്ക് എൻ.ഒ.സി. നൽകിയ വിവരം അങ്ങേയ്ക്കും അറിയാമല്ലോ. അതുമായി ബന്ധപ്പെട്ട് അവിടെ നടക്കുന്ന

ബഹുജനസമരം, ജനങ്ങളുടെ അതിജീവന സമരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. പ്രസ്തുത പ്രദേശം അപൂർവ്വമായ തരുപക്ഷിമൃഗാദികളും സസ്യലതാദികളും നിറഞ്ഞ ഒരു ജൈവവൈവിധ്യ കേന്ദ്രമാണ്. ഗോത്രവർഗ്ഗ സംസ്കാരമൂല്യമുള്ള ആചാരവിശ്വാസങ്ങൾ നിറഞ്ഞ നിബിഡവും വിപുലവുമായ കാവും ക്ഷേത്രവും മറ്റ് നിരവധി ആരാധനാലയങ്ങളുമുള്ള ഈ സ്ഥലം 'ചെറിയ വിളനെല്ലൂരിന്റെ' പ്രധാനപ്പെട്ട ഒരു ജലസ്രോതസ്സുകൂടിയാണ്. പരിസ്ഥിതി പ്രാധാന്യമുള്ള ഈ പ്രദേശം സംരക്ഷിക്കേണ്ടത് ഈ തലമുറയുടെ ചുമതലയാണ്. എന്നാൽ ഈ പ്രദേശത്തിന്റെ പരിസ്ഥിതിയെയും ജനജീവിതത്തെയും ഗുരുതരമായി ബാധിക്കുന്ന തരത്തിൽ ആയിരവല്ലിപ്പാറ ഖനനംചെയ്യുന്നതിന് അനുമതി നൽകിയിരിക്കുകയാണ്. പ്രസ്തുത അനുമതി ഉടൻ റദ്ദാക്കണമെന്നാവശ്യപ്പെട്ട് ഇളമാട്-വിളനെല്ലൂർ പഞ്ചായത്തുകളിലെ ജനങ്ങളൊന്നാകെ ഒരേ മനസ്സോടെ അതിജീവന സമരം നടത്താൻ തുടങ്ങിയിട്ട് ഇപ്പോൾ ഇരുനൂറ്റി അൻപതിലധികം ദിവസമായി. സമരത്തിന് എല്ലാ വിഭാഗം ജനങ്ങളുടെയും പിന്തുണ വർദ്ധിച്ചുവരികയാണ്. ഈ തലമുറയുടെതന്നെ ഒരാവശ്യമായി അത്

മാറിയിരിക്കുകയാണ്. പ്രസ്തുത വിഷയം ഇതിനുമുമ്പും ബഹുമാനപ്പെട്ട പുനലൂർ എം.എൽ.എ., പി.എസ്. സുപാൽ സബ്മിഷനിലൂടെ അവതരിപ്പിക്കുകയും ആവശ്യമായ പരിശോധന നടത്തി എൻ.ഒ.സി. സംബന്ധമായ വിഷയത്തിൽ നടപടിയുണ്ടാകുമെന്ന് അങ്ങ് മറുപടി നൽകുകയും ചെയ്തതാണ്. അതിനെത്തുടർന്ന് ബഹുമാനപ്പെട്ട മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി ജെ. ചിഞ്ചുറാണി അവർകളുടെ സാന്നിദ്ധ്യത്തിൽ അങ്ങും ബന്ധപ്പെട്ടവരുമെല്ലാം ചർച്ച നടത്തുകയും ചെയ്തതാണെങ്കിലും തീരുമാനം ഇതുവരെ ആയിട്ടില്ല. ബഹുജനസമരം ഇപ്പോൾ കൂടുതൽ ശക്തവും സജീവവുമാകുകയാണ്. ഈ സാഹചര്യത്തിൽ ആയിരവല്ലി പാറഖനനത്തിന് നൽകിയ എൻ.ഒ.സി. അടിയന്തിരമായി റദ്ദ് ചെയ്യണമെന്നാണ് ആവശ്യപ്പെടുന്നത്. എൻ.ഒ.സി.യുടെ കാലാവധി അവസാനിച്ചുവെന്നാണ് മനസ്സിലാക്കുന്നത്, അത് വീണ്ടും പുതുക്കിനൽകാതെ പൂർണ്ണമായും റദ്ദ്ചെയ്തുകൊണ്ട് പരിസ്ഥിതിയെ സംരക്ഷിക്കുന്ന നിലപാടെടുത്ത് സമരം അവസാനിപ്പിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് വളരെ പ്രസക്തമായിട്ടുള്ള വിഷയമാണ്. നേരത്തേതന്നെ ഇവിടെ സൂചിപ്പിക്കപ്പെട്ടപോലെ കൊട്ടാക്കര താലൂക്കിലെ ഇളമാട് വില്ലേജിൽപ്പെട്ട ആയിരവല്ലി പാറ ജാതിമതഭേദമെന്യേ എല്ലാ പ്രദേശവാസികളും വളരെ പ്രാധാന്യത്തോടെ കാണുന്ന ജൈവവൈവിധ്യങ്ങളുടെ ഒരു ഇടമാണ്. പാരിസ്ഥിതിക പ്രാധാന്യമുള്ള ഒരു പ്രദേശം സംരക്ഷിക്കാനുള്ള എല്ലാ നടപടികളും ഈ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകും. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ആയിരവല്ലി പാറ സ്ഥിതിചെയ്യുന്ന കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കിലെ ഇളമാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 27-ൽ റീസർവ്വെ നമ്പർ 130/3-ൽ ഉൾപ്പെട്ട പാറപുറമ്പോക്കിൽനിന്നും ഖനനനിരാക്ഷേപപത്രം ലഭിക്കുന്നതിനായി Tesla Inc. മൈനിംഗ് കമ്പനി മാനേജിംഗ് പാർട്ട്ണർ കൊല്ലം ജില്ലാ കളക്ടർ മുമ്പാകെ അപേക്ഷ സമർപ്പിച്ചിരുന്നതും അപേക്ഷയിന്മേൽ രണ്ടാഴ്ചക്കുള്ളിൽ തീരുമാനമെടുക്കണമെന്ന കേരള സ്റ്റേറ്റ് സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് യോഗത്തിന്റെ നിർദ്ദേശത്തിന്റെ

അടിസ്ഥാനത്തിൽ 6.9033 ഹെക്ടർ സ്ഥലത്തിന് 23-01-2020-ൽ നിരാക്ഷേപപത്രം നൽകുകയും ചെയ്തിരുന്നു. എന്നാൽ ടി സ്ഥലത്തുനിന്നും പാറ ഖനനം ചെയ്യുന്നതിനെതിരെ പ്രദേശവാസികളും വിവിധ സംഘടനകളും പരാതികളുന്നയിക്കുകയും പാറഖനനത്തിനെതിരെ പ്രദേശവാസികൾ ദീർഘകാലമായി സമരം സംഘടിപ്പിക്കുകയും ചെയ്ത സംഭവമുണ്ടായി. ബഹുമാനപ്പെട്ട ക്ഷീരവികസന വകുപ്പുമന്ത്രിയും പ്രസ്തുത മണ്ഡലത്തിലെ എം.എൽ.എ.യുമായ ഞങ്ങളുടെ സഹപ്രവർത്തക ശ്രീമതി ജെ. ചിഞ്ചുറാണി ഈ വിഷയം ഉന്നയിച്ചിരുന്നു. നേരത്തെ സൂചിപ്പിച്ചതുപോലെ ബഹുമാനപ്പെട്ട പുനലൂർ എം.എൽ.എ. പി.എസ്. സുപാൽ ഒരു സബ്മിഷനായും ഈ പ്രശ്നം ഉന്നയിച്ചിരുന്നു. ബന്ധപ്പെട്ട സമരസമിതിയുടെ ആളുകൾ ഞങ്ങളെയെല്ലാം സമീപിക്കുകയും ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ ആയിരവല്ലി പാറ ഖനനം ചെയ്യുന്നതുമായി ബന്ധപ്പെട്ട വിഷയം ചർച്ചചെയ്യാനും നാട്ടുകാരുടെ ആവശ്യം പരിശോധിച്ച് പരിഹരിക്കാനുമായി റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹുമാനപ്പെട്ട മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി ജെ. ചിഞ്ചുറാണിയുടെയും ശ്രീ. പി.എസ്. സുപാൽ എം.എൽ.എ.യുടെയും

സാന്നിദ്ധ്യത്തിലും ഒരു യോഗം 02-11-2022-ന് ചേർന്നിരുന്നു. ഇതിനെത്തുടർന്ന് പൊതുവികാരം കണക്കിലെടുത്തും പ്രദേശവാസികൾ ഉന്നയിച്ചിട്ടുള്ള വിവിധവിഷയങ്ങൾ കണക്കിലെടുത്തും പ്രദേശത്ത് ഖനനപ്രവർത്തനം നടത്തുന്നതിനുള്ള അനുമതി നൽകാനുണ്ടായ സാഹചര്യം പരിശോധിക്കാൻ തീരുമാനിച്ചിരുന്നു. ഇതനുസരിച്ച് ആയിരവല്ലി പാറ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത, ടി പാറയുടെ സാംസ്കാരികവും പാരിസ്ഥിതികപരവുമായ പ്രാധാന്യം, ടി പാറ പൊട്ടിക്കുന്നതിനെതിരെയുള്ള പൊതുജനവികാരം എന്നിവ വ്യക്തമാക്കുന്ന ഒരു റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നതിന് 02-11-2022-ൽ ചേർന്ന യോഗതീരുമാനപ്രകാരം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്തുത സ്ഥലത്തിന്റെ ജൈവവൈവിധ്യ പ്രാധാന്യവും പാരിസ്ഥിതിക വിഷങ്ങളെ സംബന്ധിച്ചും വീണ്ടും റിപ്പോർട്ട് ലഭ്യമാക്കുന്നതിന് പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന കേന്ദ്ര ഡയറക്ടറോടും ടൂറിസം സാദ്ധ്യതകൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ടൂറിസം വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറോടും ആവശ്യപ്പെട്ടിട്ടുണ്ടെന്നും

ആയത് അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും അറിയിച്ചിരുന്നു. അന്തിമ റിപ്പോർട്ട് സർക്കാരിന് ലഭ്യമായിട്ടില്ല. പാറഖനനത്തിനായി എൻ.ഒ.സി. നൽകിയിരുന്നെങ്കിലും പാറഖനനത്തിന് ആവശ്യമായ മറ്റ് അനുമതികൾ നൽകാത്തതുമൂലം ഖനനവുമായി ബന്ധപ്പെട്ട യാതൊരു നടപടികളും നാളിതുവരെ ആരംഭിച്ചിട്ടില്ല. മാത്രമല്ല ജില്ലാ കളക്ടർ നൽകിയ നിരാക്ഷേപപത്രത്തിന്റെ കാലാവധി 23-02-2023-ഓടുകൂടി അവസാനിക്കുകയും ചെയ്തിട്ടുണ്ട്. അതിനെത്തുടർന്ന് എൻ.ഒ.സി. ഇതുവരെയും പുതുക്കി നൽകിയിട്ടില്ല, അങ്ങനെയൊരു ആലോചനയുമില്ല. ഇതുമായി ബന്ധപ്പെട്ട് എടുക്കുന്ന എന്തുതീരുമാനവും പ്രദേശത്തിന്റെ പാരിസ്ഥിതിക പ്രാധാന്യവും പ്രദേശവാസികളുടെ അഭിപ്രായവും കണക്കിലെടുത്തുമാത്രമേ തീരുമാനമെടുക്കാൻ പാടുള്ളൂവെന്ന് ജില്ലാ കളക്ടറോട് നിർദ്ദേശിച്ചിട്ടുണ്ട്. എൻ.ഒ.സി. പുതുക്കിക്കൊടുക്കാത്ത സാഹചര്യത്തിൽ പേടിക്കേണ്ടതായ മറ്റുപ്രശ്നങ്ങളൊന്നുമില്ലെന്ന് സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

(5) കാരോട് - കുളത്തൂർ കുടിവെള്ള പദ്ധതി

ശ്രീ. കെ. ആൻസലൻ: സർ, നെയ്യാറ്റിൻകര മണ്ഡലത്തിൽ 2016-17-ലെ ബഡ്ജറ്റിലൂടെ അനുവദിച്ച കാരോട് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട വിഷയമാണ് സബ്മിഷനായി ഉന്നയിക്കുന്നത്. അന്ന് 89 കോടി രൂപയാണ് അടങ്കൽ തുക പ്രഖ്യാപിച്ചത്. അതിനാവശ്യമായ രണ്ട് ഏക്കറിലധികം വരുന്ന ഭൂമി നിശ്ചയിച്ച സ്ഥലത്ത് ഏറ്റെടുത്തിട്ടുണ്ട്. ട്രീറ്റ്മെന്റ് പ്ലാന്റിനാവശ്യമായ ഏകദേശം 50 കോടിയിലധികം രൂപയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കപ്പെടാത്ത അവസ്ഥയാണ് നിലവിലുള്ളത്. ടെണ്ടർ ക്വാട്ട് ചെയ്ത ഏജൻസി ഏകദേശം 27 ശതമാനത്തിൽ കൂടുതൽ തുകയാണ് ക്വാട്ട് ചെയ്തത്. നേരത്തെയുണ്ടായിരുന്ന എസ്റ്റിമേറ്റ് നിരക്കിൽ ഇപ്പോൾ വർക്ക് ചെയ്യാൻ കഴിയാത്തതിന്റെ പ്രശ്നമുണ്ട്. മൂന്ന് പഞ്ചായത്ത് പ്രദേശങ്ങളിലാണ് കുടിവെള്ളത്തിന്റെ ഗുണം ലഭിക്കേണ്ടത്. കുളത്തൂർ-കാരോട് പഞ്ചായത്തിലെ തീരദേശമുൾപ്പെടുന്ന പൊഴിയൂർ അടക്കമുൾപ്പെടുന്ന പ്രദേശങ്ങളിൽ അതിരൂക്ഷമായ കുടിവെള്ളപ്രശ്നമുണ്ട്. വാട്ടർ അതോറിറ്റിയുടെ പദ്ധതിയുമായി ബന്ധപ്പെട്ട് കുറച്ച് പ്രദേശങ്ങളിൽ മാത്രമേ കുടിവെള്ളം ലഭ്യമാക്കാൻ

കഴിയുന്നുള്ളൂ. ഇതിനാവശ്യമായ ജലം നെയ്യാറിൽനിന്നും ട്രീറ്റ്മെന്റ് പ്ലാന്റിലെത്തിച്ച് സർവ്വീസ് ചെയ്യുന്നതിനെക്കുറിച്ചാണ് ആലോചിച്ചിട്ടുള്ളത്. ജൽജീവൻ മിഷന്റെ ചെങ്കൽ പഞ്ചായത്തിലെ പ്രവൃത്തികൾ ഏകദേശം പൂർത്തീകരിക്കപ്പെട്ടിട്ടുണ്ട്. കാരോട്-കുളത്തൂർ പഞ്ചായത്തുകളിലെ ജൽജീവൻ മിഷന്റെ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് ടെണ്ടർ നടപടികളിലെത്തിയിട്ടുണ്ട്. നാലഞ്ച് മാസം കഴിയുമ്പോൾ മുഴുവൻ വീടുകളിലും പൈപ്പ് കണക്ഷനെത്തുന്ന പ്രവൃത്തികൾ പൂർത്തീകരിക്കപ്പെടുമ്പോൾ ആവശ്യത്തിന് ജലമെത്തിച്ചുകൊടുക്കേണ്ടത് നിർദ്ദിഷ്ട പദ്ധതിയിൽനിന്നാണ്. അത് അനന്തമായി വൈകുന്നത് സാങ്കേതികമായ ചില തടസ്സങ്ങൾകൊണ്ടാണ്. പദ്ധതി വൈകുന്തോറും ചെലവ് അധികരിക്കുന്ന നിലയിലേയ്ക്ക് പോകുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഈ വിഷയത്തിൽ നേരിട്ട് ഇടപെടൽ നടത്തിയിട്ടുണ്ട്. അധികം വൈകാതെ സത്വരമായി ഈ പ്രശ്നം പരിഹരിക്കുന്നതിനും അടിയന്തരമായി അതിന്റെ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്താനും കഴിയുന്ന ക്രമീകരണം വകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, കാരോട്-കുളത്തൂർ ജലവിതരണവുമായി ബന്ധപ്പെട്ട പ്രധാന വിഷയമാണ് ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സൂചിപ്പിച്ചത്. നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലുൾപ്പെട്ട കാരോട്, കുളത്തൂർ, ചെങ്കൽ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ട പ്രവൃത്തിക്ക് 86 കോടി രൂപയുടെ ഭരണാനുമതിയും 07-09-2019-ൽ കിഫ്ബി വഴി 89.189 കോടി രൂപയുടെ ഫണ്ടിംഗ് അനുമതിയും നൽകിയിരുന്നു. ഈ പദ്ധതിയുടെ ഭാഗമായ ജലശുദ്ധീകരണശാലയ്ക്കാവശ്യമായ രണ്ട് ഏക്കർ സ്ഥലം പൊൻവിളയിൽ റവന്യൂ വകുപ്പ് കേരള ജലഅതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. കിണറും പമ്പുഹൗസും നിർമ്മിക്കുന്നതിനുള്ള സ്ഥലം മാവിളക്കടവിൽ ലഭ്യമാക്കിയിട്ടുണ്ട്. ഉപരിതല ജലസംഭരണികൾ നിർമ്മിക്കുന്നതിന് വിവിധ സ്ഥലങ്ങളിൽ ഭൂമി ലഭ്യമാക്കിയിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ ഘടകങ്ങൾ നിർമ്മിക്കുന്നതിനുള്ള സ്ഥലങ്ങൾ ലഭ്യമായതിനെത്തുടർന്ന് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി 61.51 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും തുടർന്ന് തടയണ ഒഴികെയുള്ള എല്ലാ ഘടകങ്ങളുടെയും ദർഘാസ്

ക്ഷണിക്കുകയും ചെയ്തു. 54.85 കോടി രൂപയായിരുന്നു അടങ്കൽത്തുക. പ്രസ്തുത ദർഘാസിൽ 3 കരാറുകാർ പങ്കെടുത്തെങ്കിലും ഒരു കരാറുകാരന് മാത്രമാണ് സാങ്കേതികവും സാമ്പത്തികവുമായ ദർഘാസ് വ്യവസ്ഥകൾ അനുസരിച്ച് യോഗ്യത നേടാൻ കഴിഞ്ഞത്. തുടർന്ന് പ്രസ്തുത ദർഘാസ് റദ്ദാക്കുകയും 22-03-2022 അവസാന തീയതിയായി നിശ്ചയിച്ച് അതേ അടങ്കൽത്തുകയ്ക്ക് പുനർദർഘാസ് ക്ഷണിക്കുകയും 24-03-2022-ന് ദർഘാസ് തുറക്കുകയും ചെയ്തു. ആദ്യ ദർഘാസിൽ യോഗ്യത നേടിയ കരാറുകാരൻതന്നെ പുനർ ദർഘാസിൽ പങ്കെടുക്കുകയും അടങ്കൽത്തുകയെക്കാളും 27.63 ശതമാനം തുക വർദ്ധിപ്പിക്കുകയും ചെയ്തു. എന്നാൽ നിലവിലെ നിയമമനുസരിച്ച് ക്വാട്ട് ചെയ്ത തുക വിപണി നിരക്ക്/എസ്റ്റിമേറ്റ് നിരക്കിനെക്കാളും പത്ത് ശതമാനം കൂടിയ തുക ഇതിൽ ഏതാണോ കുറവ് അതിനുമാത്രമേ കരാർ അനുമതി നൽകാൻ കഴിയൂവെന്നുള്ളതിനാൽ വിപണി നിരക്ക് കരാർ നൽകുന്നതിന് തീരുമാനിക്കുകയും പ്രസ്തുത പ്രവൃത്തി 27-04-2022-ൽ കരാറുകാരന് നൽകുകയും ചെയ്തു. വർക്ക് ഓർഡർ നൽകിയ തുക എസ്റ്റിമേറ്റ് തുകയെക്കാളും 9.76 ശതമാനം കൂടുതലായിരുന്നു. എന്നാൽ കരാറുകാർ പ്രസ്തുത വർക്ക്

ഓർഡർ നിരസിക്കുകയും ക്വാട്ട് ചെയ്ത തുകയ്ക്കുതന്നെ പ്രവൃത്തി നൽകുന്നതിന് അഭ്യർത്ഥിക്കുകയും ചെയ്തു. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് PRICE 3 സോഫ്റ്റ്‌വെയറിൽ പുതുക്കി നിർണ്ണയിച്ച് പുതിയ ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചുവരുന്നത്. മൂന്ന് മാസത്തിനുള്ളിൽ നടപടികൾ പൂർത്തീകരിച്ച് അവാർഡ് ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ധാരാളം പദ്ധതികൾ ഇങ്ങനെ മുടങ്ങുകയും അതോടൊപ്പം പ്രശ്നം പരിഹരിക്കാൻ സാധിക്കാതെയും വരുന്ന സ്ഥിതി നിലവിലുണ്ട്. അതുകൊണ്ട് പൊതുവായി ഇത്തരം കാര്യങ്ങളിൽ ഒരു പരിശോധന നടത്താനും ദീർഘമായി നീണ്ടുപോകുന്ന ഇത്തരം വിഷയങ്ങൾ പരിഹരിച്ച് ഉത്തമമായ തീരുമാനം കൈക്കൊള്ളുന്നതിനും ഗവൺമെന്റ് അടിയന്തരമായി ശ്രദ്ധിക്കുന്നതാണ്.

(6) <u>നട്ടീക്കടവ് റെഗുലേറ്റർ-കം- ബ്രിഡ്ജ്</u>

<u>ശ്രീ. എം. വിജിൻ:</u> എന്റെ മണ്ഡലത്തിലെ ചെറുതാഴം പഞ്ചായത്തിലെ നട്ടീക്കടവിൽ പെരുമ്പപ്പുഴയ്ക്ക് കുറുകെ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിന് 2020-2021 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ 8 കോടി

രൂപ വകയിരുത്തിയിട്ടുണ്ട്. കല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം, കടന്നപ്പള്ളി, പാണപ്പുഴ ഗ്രാമപഞ്ചായത്തുകളിലെയും പയ്യന്നൂർ മണ്ഡലത്തിലെ പയ്യന്നൂർ മുനിസിപ്പാലിറ്റിയിലെയും ഉപ്പുവെള്ളം കാരണം ബുദ്ധിമുട്ടുന്ന ജനങ്ങൾക്ക് ഈ പദ്ധതി വലിയൊരു അനുഗ്രഹമാകും. ആ പ്രദേശങ്ങളിലെ കൃഷി, ജലസേചനാവശ്യങ്ങൾ, കുടിവെള്ളം, ഗതാഗതം എന്നിവയുൾപ്പെടെ ജനങ്ങൾക്ക് പ്രയോജനപ്രദമാകും. നട്ടീക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പര്യവേക്ഷണ പ്രവൃത്തി നേരത്തേതന്നെ പൂർത്തീകരിച്ചിട്ടുണ്ട്. എത്രയുംവേഗം IDRB (Irrigation Design and Research Board)-യിൽനിന്ന് ഡിസൈൻ തയ്യാറാക്കി വിശദമായ എസ്റ്റിമേറ്റും ഭരണാനുമതിയും ലഭ്യമാക്കി ടെണ്ടർ നടപടി സ്വീകരിക്കാനാവശ്യമായ നടപടിക്രമങ്ങൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ):</u> സർ, 8 കോടി രൂപയാണ് ഈ പ്രവൃത്തിക്കുവേണ്ടി അനുവദിച്ചിട്ടുള്ളത്. ജലസേചനത്തിനും കുടിവെള്ളത്തിനും ഗതാഗതത്തിനുമെല്ലാം യോഗ്യമായി പ്രവൃത്തി നടപ്പിലാക്കേണ്ടത് അനിവാര്യവുമാണ്. എന്നാൽ ഇതിന്റെ പ്രവൃത്തികൾ

മുന്നോട്ടുപോകാൻ സാധിക്കാതെ വന്നിട്ടുള്ളത് സ്ഥലത്തേയ്ക്ക് എത്തിച്ചേരുന്നതിനുവേണ്ടി നിലവിലുള്ള അനുബന്ധ റോഡുകൾ സംബന്ധിച്ചുള്ള വിഷയമാണ്. ഒരു സൈഡിൽ പഞ്ചായത്തും ഒരു സൈഡിൽ മുനിസിപ്പാലിറ്റിയുമാണ് അപ്രോച്ച് റോഡ് ക്രമപ്പെടുത്താനാവശ്യമായ സ്ഥലം കണ്ടെത്തേണ്ടത് എന്നതിനാൽ നടപടികളുമായി മുന്നോട്ടുപോകുന്നതിന് സാധിക്കാതെ വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. താൽപ്പര്യമെടുത്ത് 09-03-2023-ന് ഒരു യോഗം ചേരുന്നുണ്ടെന്നറിയാൻ കഴിഞ്ഞു. ആ റോഡുകളെ സംബന്ധിച്ച തീരുമാനമെടുക്കാൻ കഴിഞ്ഞാൽ എത്രയും പെട്ടെന്ന് പുരോഗതി കൈവരിച്ച് മുന്നോട്ടുപോകാനാവശ്യമായ നടപടി സ്വീകരിക്കാനും തയ്യാറാകുന്നതായിരിക്കും.

(7) കടുവ ആക്രമണം

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, വയനാട് ജില്ലയിൽ കടുവകളുടെ സാന്നിദ്ധ്യം വർദ്ധിച്ചുവരികയാണ്. 6 പേരെയാണ് കടുവ ആക്രമിച്ച് കൊലപ്പെടുത്തിയത്, അതിൽ 5 പേരെ പൂർണ്ണമായും കടുവ ഭക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്. അവസാനമായി കൊലപ്പെടുത്തിയത് മാനന്തവാടിയിലെ

തോമസിനെയാണ്. മാത്രമല്ല, കടുവയും ആനയും കൊലപ്പെടുത്തുന്ന കുടുംബങ്ങളിലെ അംഗത്തിന് ഗവൺമെന്റിൽ താൽക്കാലികമായിട്ടാണ് ജോലി നൽകാറുള്ളത്. ആ ജോലി സ്ഥിരപ്പെടുത്താനുള്ള സാഹചര്യമാണ് ഗവൺമെന്റുണ്ടാക്കേണ്ടത്. ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർക്ക് മാസത്തിൽ മൂന്നോ നാലോ അല്ലെങ്കിൽ അഞ്ചോ പത്തോ ദിവസങ്ങൾ മാത്രം ജോലി കൊടുക്കുന്ന പ്രവണത നിലനിൽക്കുകയാണ്. ജനവാസകേന്ദ്രങ്ങളിലേയ്ക്കിറങ്ങിയ 5 കടുവകളെ പിടിച്ച് കൂട്ടിലടച്ച് പരിചരിച്ചുവരുന്നു. എന്റെ നിയോജകമണ്ഡലത്തിൽ ഒരു കടുവ കഴിഞ്ഞദിവസം കിണറ്റിൽ വീണ് മരണപ്പെടുകയുണ്ടായി. മറ്റൊരു കടുവ ജനവാസകേന്ദ്രത്തിലിറങ്ങി ഒരു കുടുക്കിൽ കുരുങ്ങി മരണപ്പെടുകയുണ്ടായി. മൂന്നാമത്തെ കടുവ വനത്തിനുള്ളിൽ അസുഖം ബാധിച്ചും മരണപ്പെട്ടു. ഇന്ന് എന്റെ നിയോജകമണ്ഡലത്തിലെ എടയ്ക്കൽ ഗുഹയിലാണ് ഒരു കടുവ കുരുക്കിൽപ്പെട്ട് മരണപ്പെട്ടത്. അവിടെ മറ്റൊരു കടുവ ഒരു വിദ്യാർത്ഥിയെ ആറ് മണിക്ക് അക്രമിക്കാൻ ശ്രമിച്ചു. ആക്രമിക്കപ്പെട്ട വിദ്യാർത്ഥിക്ക് ഇന്നും ആ ഭയം വിട്ടുമാറിയിട്ടില്ല. ഒരു കർഷകൻ ജോലി കഴിഞ്ഞുവരുമ്പോൾ ആറ് മണിക്ക് അദ്ദേഹത്തെ

ആക്രമിച്ചിരിക്കുകയാണ്. നിരവധി വളർത്തുമൃഗങ്ങളെ പിടിക്കപ്പെട്ടു. 130 ദിവസമായിട്ടും ആ കടുവയെ പിടിക്കാൻ കഴിഞ്ഞിട്ടില്ല. ടൂറിസ്റ്റ് കേന്ദ്രമായ എടയ്ക്കൽ ഗുഹ ഇതിന്റെ പരിസരത്താണ്. ആയിരക്കണക്കിന് ആളുകൾ വരുന്ന ടൂറിസം മേഖലയായ ഈ പ്രദേശത്താണ് 130 ദിവസമായി കടുവയുടെ സാന്നിദ്ധ്യമുള്ളത്. ഇന്നും ആ കടുവയെ പിടികൂടാനുള്ള നിലപാടുകൾ സ്വീകരിച്ചിട്ടില്ല. മാത്രമല്ല, നിരവധി കർഷകരുടെ പേരിൽ കള്ളക്കേസെടുത്തിരിക്കുകയാണ്. ഒരു കടുവ കുടുക്കിൽകുരുങ്ങി ചത്തതിന്റെ പേരിൽ അവിടത്തെ വൃദ്ധനായ ഭൂവുടമയുടെ പേരിൽ കള്ളക്കേസ് ചുമത്തിയിരിക്കുകയാണ്. നിരവധി പ്രശ്നങ്ങൾ ഇന്ന് വയനാട് ജില്ലയിലുണ്ട്. ആനകളുടെ സാന്നിദ്ധ്യവും കൂടിവരികയാണ്. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി വയനാട് ജില്ലയുടെ ചാർജ്ജ് വഹിക്കുന്ന മന്ത്രിയാണ്. ഇക്കാര്യത്തിൽ ശാശ്വതമായൊരു പരിഹാരമുണ്ടാകണം. ആന കൊലപ്പെടുത്തിയാലും കടുവ കൊലപ്പെടുത്തിയാലും മരണപ്പെട്ട ആളുടെ കുടുംബത്തിലെ ആശ്രിതന് സ്ഥിരജോലി കൊടുക്കാനുള്ള സംവിധാനമുണ്ടാകണം. മാത്രമല്ല, മരണപ്പെട്ട തോമസിന്റെ മകന് താൽക്കാലിക ജോലിയാണ് കൊടുത്തത്. ഇത്തരം

കാര്യങ്ങളിൽ ഗവൺമെന്റ് വളരെ ശക്തമായി ഇടപെടേണ്ടതുണ്ട്. സ്ഥിരമായ ജോലിയാണ് അവർക്കാവശ്യം. ഇക്കാര്യം വളരെ ഗൗരവമായി കാണേണ്ടതുണ്ട്. കടുവയുടെയും ആനയുടെയും അക്രമം കൂടി വരുന്ന സാഹചര്യത്തിൽ, കൃഷിയിടങ്ങളിലേയ്ക്കിറങ്ങി കൃഷി നശിപ്പിക്കുകയും കർഷകർ വലിയ പ്രതിസന്ധിയിലാകുകയും ചെയ്യുന്ന സാഹചര്യത്തിൽ, ജില്ലയുടെ ചാർജ്ജുള്ള മന്ത്രിയെന്ന നിലയ്ക്ക് അങ്ങയുടെ നേതൃത്വത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും ഉന്നത ഉദ്യോഗസ്ഥന്മാരെയും പങ്കെടുപ്പിച്ചുകൊണ്ട്, സംസ്ഥാന തലത്തിൽതന്നെ ഒരു യോഗം വിളിച്ച് കടുവയെ പിടിച്ച് നീക്കം ചെയ്യുന്നതിനുവേണ്ടിയും ആനയുടെ അക്രമവും കൃഷിനാശം സംഭവിച്ചതിന്റെയും സ്ഥിതിഗതികൾ വിലയിരുത്തി ജനങ്ങൾക്കുവേണ്ടി ശക്തമായ തീരുമാനമെടുക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതുപോലെ, മലയോര മേഖലയിൽ വന്യമൃഗങ്ങൾ കാട്ടിൽനിന്നും നാട്ടിലിറങ്ങി മനുഷ്യന്റെ ജീവനും കൃഷിക്കും നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നുവെന്ന വസ്തുത ശരിയാണ്. വന്യജീവികളുടെ എണ്ണം

വർദ്ധിക്കുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതെന്നാണ് പരക്കെ പറഞ്ഞ് കേൾക്കുന്നത്. എന്നാൽ ആധികാരിക രേഖയുടെ അടിസ്ഥാനത്തിലല്ല അത്തരം പരാതികൾ വന്നിട്ടുള്ളത്. അഖിലേന്ത്യാ തലത്തിൽ നാല് വർഷം കൂടുമ്പോഴാണ് വന്യമൃഗങ്ങളുടെ സെൻസസ് എടുക്കുന്നത്. ഏറ്റവും ഒടുവിൽ സെൻസസ് എടുത്തത് 2022-ലാണെങ്കിലും ആ റിപ്പോർട്ട് ഇതുവരെയും കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ 2018-ലെ കണക്കാണ് നിലവിൽ പിന്തുടരുന്ന ആധികാരിക രേഖ. എന്നാലത് വസ്തുതയുമായി പൊരുത്തപ്പെടുന്നതല്ലായെന്ന് എല്ലാവർക്കും ബോദ്ധ്യമായതിന്റെ അടിസ്ഥാനത്തിൽ വയനാട് മേഖലയിലെ കടുവകളുടെ സെൻസസ് എടുക്കുന്നതിനുള്ള നടപടികൾ സംസ്ഥാന വനം വകുപ്പ് ഈയാഴ്ചയിൽ സ്വീകരിക്കും. സംസ്ഥാനാടിസ്ഥാനത്തിൽ ആനകളുടെ സെൻസസ് സംസ്ഥാന ഗവൺമെന്റ് മുൻകയ്യെടുത്ത് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന് ആനയുടെയോ അല്ലെങ്കിൽ വന്യമൃഗങ്ങളുടെയോ ആക്രമണംമൂലം മരണപ്പെടുന്നവരുടെ കുടുംബത്തിന് ആശ്രിത നിയമന വ്യവസ്ഥയിൽ ജോലി നൽകണമെന്നാണ് ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിച്ച ഒരാവശ്യം.

അതിന് ആശ്രിത നിയമനം സംബന്ധിച്ച വ്യവസ്ഥകൾ പാലിക്കാതിരിക്കാൻ വനം വകുപ്പിന് കഴിയില്ലായെന്ന് അങ്ങയെപോലെ പരിചയസമ്പന്നനായ ഒരു എം.എൽ.എ.-യ്ക്ക് ബോദ്ധ്യമുള്ള കാര്യമാണ്. മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കുള്ള ആശ്വാസ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. അന്തിമമായി എല്ലാ കാര്യങ്ങളും ഏറ്റെടുക്കുന്ന ഒരു നിലപാടിലേയ്ക്ക് സർക്കാർ എത്തിയിട്ടില്ല. എല്ലാ കാര്യങ്ങളും അങ്ങനെ നോക്കാൻ സാധിക്കണമെങ്കിൽ അങ്ങ് പറഞ്ഞതുപോലെ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും മറ്റും ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് മാത്രമേ അത്തരം നടപടികളിലേയ്ക്ക് പോകാൻ വനം വകുപ്പിന് സാധിക്കുകയുള്ളൂ. നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് വയനാട്ടിൽ വനം വകുപ്പ് നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇപ്പോൾ വലിയ തോതിൽ നൈറ്റ് പട്രോളിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റൊന്ന്, അധിനിവേശ സസ്യങ്ങളുടെ ആധിക്യമാണ് ആനകളെയും വന്യമൃഗങ്ങളെയും കാട്ടിൽനിന്ന് പുറത്തേയ്ക്കുകൊണ്ടുവരാൻ പ്രേരിപ്പിക്കുന്നതെന്ന ഒരുവാദഗതി സമൂഹത്തിൽ ഉയർന്നുവന്നിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അത്തരം നടപടികൾ

സ്വീകരിക്കുന്നതിന്റെ ഭാഗമായി മഞ്ഞക്കൊന്ന നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്. മറ്റൊരു പരിഹാരമായി ഫെൻസിംഗ് നിർമ്മിക്കുക, ഹാഗിംഗ് ഫെൻസിംഗ് നിർമ്മിക്കുക, മതിൽകെട്ടുക, ട്രഞ്ചുകൾ കുഴിക്കുക തുടങ്ങിയ നടപടികളാണ് ഇതുവരെ പരീക്ഷിച്ചുകൊണ്ടിരുന്നത്. എന്നാൽ പ്രസ്തുത നടപടികൾക്ക് ഒരുകോട്ടവും വരുത്താതെ ത്വരിതഗതിയിൽ നടപ്പിലാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഏതാണ്ട് നാൽപ്പത്തയ്യായിരത്തോളം കന്നുകാലികൾ വയനാട് വനമേഖലയിൽ ഉണ്ടെന്നാണ് കഴിഞ്ഞ ദിവസം പറഞ്ഞത്. നാൽപ്പത്തയ്യായിരം കന്നുകാലികൾ അവിടെയുള്ളവരുടെതാകാൻ ഇടയില്ല. അവിടത്തെ കർഷകർ/ആദിവാസികൾ ഉപജീവനാർത്ഥം നടത്തുന്ന പശുപരിപാലനത്തോടൊപ്പം മറ്റുള്ളവരുടെ വളർത്തുമൃഗങ്ങളെക്കൂടി അവിടെ വളർത്തുന്നുണ്ടെന്നാണ് റിപ്പോർട്ട് കിട്ടിയത്. കൃത്യമായി പരിശോധിച്ചതിനുശേഷം മാത്രമേ ഇതുസംബന്ധിച്ച അന്തിമ നിഗമനത്തിൽ എത്താൻ സാധിക്കുകയുള്ളൂ. അങ്ങനെയുണ്ടോയെന്ന് ബഹുമാനപ്പെട്ട എം.എൽ.എ.-യെപോലെയുള്ളവർ പരിശോധിക്കുന്നത് നല്ലതാണെന്ന്

കരുതുന്നു. നിലവിലുള്ള മാർഗ്ഗങ്ങൾ ഉപയോഗിച്ചുകൊണ്ട് പരമാവധി ശ്രമങ്ങൾ വനം വകുപ്പിലെ ജീവനക്കാരും മറ്റുദ്യോഗസ്ഥൻമാരും നിർവ്വഹിക്കുന്നുണ്ടെന്നതിന് അങ്ങ് തന്നെ സാക്ഷിയാണ്. അതിനാൽ നിലവിലുള്ള വിഭവങ്ങൾ ഉപയോഗിച്ചുകൊണ്ട് വന്യമൃഗങ്ങളുടെ ഭീഷണിയിൽനിന്ന് ജനങ്ങളെ രക്ഷിക്കാനാവശ്യമായ നടപടികൾക്ക് കൂടുതൽ കരുത്ത് നൽകാനാവശ്യമായ നടപടികളാണ് സർക്കാർ നിലവിൽ ആലോചിക്കുന്നത്. ഏതായാലും ഈ വേദന പങ്കുവയ്ക്കുന്നതിൽ ഗവൺമെന്റ് ഒട്ടും പിന്നോട്ടുപോകുകയില്ലായെന്ന് ബഹുമാനപ്പെട്ട അംഗത്തിനെ അറിയിക്കാൻ ആഗ്രഹിക്കുന്നു.

(8) തൃശ്ശൂർ ജില്ലയിൽ പുതിയ വ്യവസായ സംരംഭങ്ങൾ

ശ്രീ. എ. സി. മൊയ്തീൻ: സർ, വ്യവസായ വകുപ്പിന്റെയും വകുപ്പിന്റെ കീഴിലുള്ള ഏജൻസികളുടെയും കൈവശമുള്ളതും ലഭ്യമാകുന്നതുമായ ഭൂമിയിൽ സംരംഭങ്ങൾ ആരംഭിക്കണമെന്നുള്ളതാണ് എന്റെ ആവശ്യം. പുഴയ്ക്കൽ കോർപ്പറേഷൻ അതിർത്തിയിൽ കിൻഫ്രയുടെ കൈവശമുള്ള 40 ഏക്കർ ഭൂമി അക്വയർ ചെയ്തിട്ട് 25 വർഷമായി. ആ ഭൂമി ഇന്നും ഒന്നും ചെയ്യാൻ

സാധിക്കാതെ കിടക്കുന്നു. അതിനോടനുബന്ധമായി വ്യവസായ വകുപ്പിന്റെ കീഴിലുള്ള പതിനൊന്നര ഏക്കർ സ്ഥലത്ത് രണ്ട് ബഹുനില വ്യവസായ സമുച്ചയങ്ങൾ ഈ ഗവൺമെന്റിന്റെ കാലത്ത് പണിപൂർത്തീകരിച്ചിട്ടുണ്ട്. ചെറുകിട സംരംഭകർക്ക് അത് നൽകാൻ സാധിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അതിവേഗത്തിൽ അതിന്റെ വിതരണം പൂർത്തീകരിച്ച് അവിടെ സംരംഭങ്ങൾ ആരംഭിക്കാൻ സാധിക്കണം. അവിടെത്തന്നെ ബാക്കി സ്ഥലവുമുണ്ട്. ചെറുകിട വ്യവസായികൾ ഉൾപ്പെടെയുള്ള ആളുകൾ അവിടെയൊരു എക്സിബിഷൻ സെന്ററും കൺവെൻഷൻ സെന്ററും വേണമെന്നാവശ്യപ്പെടുന്നതാണ്. റോഡിന്റെയും കോർപ്പറേഷന്റെയും സാമീപ്യവും പ്രധാനപ്പെട്ട പട്ടണപ്രദേശവും ആണെന്നുള്ളതുകൊണ്ട് അത് പരിഗണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. മറ്റൊന്ന്, സിൽക്കിന്റെ ഹെഡ് ഓഫീസ് നിലനിൽക്കുന്ന അത്താണിയിൽ സർക്കാരിന്റെ കൈവശം ഭൂമി ലഭ്യമാണ്. അത്താണി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനോട് ചേർന്നാണ് ആ സ്ഥലം കിടക്കുന്നത്. ആ സ്ഥലം പ്രയോജനപ്പെടുത്താൻ സാധിക്കണം. കെൽട്രോണിന്റെ റെക്ടിഫൈയേഴ്സും ഡിവൈസസും നിലനിന്നിരുന്ന

അത്താണി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനോട് ചേർന്നാണ് കിടക്കുന്ന 12 ഏക്കർ സ്ഥലം വർഷങ്ങളായി കേസ്സും മറ്റുമായി കിടക്കുന്നു. അതും പ്രയോജനപ്പെടുത്താൻ കഴിയുന്ന ഏറ്റവും നല്ല സ്ഥലങ്ങളിൽ ഒന്നാണ്. കൊരട്ടിയിൽ വൈഗാ ത്രെഡ്സിന്റെ ഏകദേശം എൺപതോളം ഏക്കർ ഭൂമി വരുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അവിടെത്തന്നെ ഇൻഫോ പാർക്കും കിൻഫ്രയുടെ മറ്റുസംരംഭങ്ങളും നടക്കുന്നുണ്ട്. ഈ ഭൂമിയുടെ ലഭ്യതയും വ്യവസായ ഇടനാഴിയെന്ന് പറയുന്ന സങ്കൽപ്പത്തിൽ തൃശ്ശൂർ ജില്ലയുടെ പങ്കാളിത്തംകൂടി ഉറപ്പുവരുത്താനും പുതിയ സംരംഭങ്ങൾ ആരംഭിക്കാനും ഭൂമിയുടെ ലഭ്യത പ്രയോജനപ്പെടുത്താനും കഴിയും. അതിനാവശ്യമായ ഇടപെടൽ വ്യവസായ വകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നാണ് എന്റെ ആവശ്യം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വളരെ പ്രസക്തമായ കാര്യമാണ് ബഹുമാന്യനായ അംഗം ഉന്നയിച്ചത്. പരമാവധി ഭൂമി വ്യവസായ ആവശ്യങ്ങൾക്കുവേണ്ടി വിനിയോഗിക്കണമെന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. കൊരട്ടിയിൽ

കിൻഫ്രയുടെ 33.66 ഏക്കറിൽ സ്ഥാപിച്ച വ്യവസായ പാർക്കിൽ എല്ലാ അടിസ്ഥാന സൗകര്യങ്ങളും വികസിപ്പിച്ച് 33 വ്യവസായ സംരംഭങ്ങൾ പൂർണ്ണമായും പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. അവിടെത്തന്നെ 3 ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം പൂർത്തീകരിച്ച് 19 സംരംഭങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. അദ്ദേഹം പ്രതിപാദിച്ച തൃശ്ശൂർ ജില്ലയിലെ പുഴയ്ക്കൽ പാടത്ത് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് 40 ഏക്കർ ഭൂമിയാണ് കൈമാറിയത്. ഇതിൽ 10 ഏക്കർ ഭൂമി മൊബിലിറ്റി ഹബ്ബിനുവേണ്ടി ജില്ലാഭരണകൂടത്തിന് കൈമാറിയിട്ടുണ്ട്. ഈ ഭൂമി റവന്യൂ രേഖകളിൽ നിലമെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ വ്യവസായികാവശ്യത്തിന് ഏറ്റെടുത്തതിനാൽ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാലും അടിസ്ഥാന വികസന പ്രവർത്തനങ്ങൾ കിൻഫ്ര ആരംഭിച്ചിരുന്നു. 2017-ൽ തൃശ്ശൂർ ജില്ലാകളക്ടർ ഈ ഭൂമി തരംമാറ്റുന്നതിന് സർക്കാരിന്റെ അനുമതി വാങ്ങണമെന്ന് അറിയിച്ചതിനെതുടർന്ന് അത്തരം കാര്യങ്ങൾ നിർത്തിവയ്ക്കുകയാണ് ചെയ്യുന്നത്. കിൻഫ്ര ഭൂമി തരംമാറ്റത്തിനുവേണ്ടി കളക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. അതുസംബന്ധിച്ച് റവന്യൂ വകുപ്പുമന്ത്രിയും കൃഷി വകുപ്പുമന്ത്രിയുംകൂടി പങ്കെടുത്തുകൊണ്ടുള്ള

ഉന്നതതല യോഗം ചേരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. അയ്യന്തോളിൽ അദ്ദേഹം പ്രതിപാദിച്ച 11.41 ഏക്കർ ഭൂമി രണ്ടുഘട്ടങ്ങളിലായി 261530 ചതുരശ്ര അടി വ്യവസായ സമുച്ചയങ്ങൾ ഇപ്പോൾ നിർമ്മിച്ചിട്ടുണ്ട്. രണ്ട് മാസത്തിനുള്ളിൽ അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമായും പൂർത്തീകരിച്ചതിനുശേഷം സംരംഭകർക്ക് അനുവദിക്കാൻ കഴിയും. മുളങ്കുന്നത്തുകാവിൽ കെൽട്രോണുമായി ബന്ധപ്പെട്ട് പ്രതിപാദിച്ച വിഷയത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് നിലനിൽക്കുകയാണ്. ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള എല്ലാ രേഖകളും കൈമാറികഴിഞ്ഞു. ഹൈക്കോടതിയിൽ ഒഫിഷ്യൽ ലിക്വിഡേറ്റർ കൈവശാവകാശം കെൽട്രോണിന് വിട്ടുനൽകിയാൽ ഈ വസ്തുവിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ കഴിയും. വൈഗാ ത്രെഡ്സുമായി ബന്ധപ്പെട്ട് നിലവിൽ വിവിധ കോടതികളിൽ കേസ്സുകളുള്ളതാണ്. ബഹുമാനപ്പെട്ട കർണ്ണാടക ഹൈക്കോടതിയുടെ ഉത്തരവുപ്രകാരം ഒഫിഷ്യൽ ലിക്വിഡേറ്റർ, കർണ്ണാടകയുടെ സംരക്ഷണയിലാണെന്നാണ് കാണുന്നത്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അവർ നൽകിയ കേസ്സുകളെല്ലാം

തള്ളിപോയതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള കുടിശ്ശികയും ഭൂമി തിരിച്ചെടുക്കുന്നതിനും കുടിശ്ശിക പിരിച്ചെടുക്കുന്നതിനും ഉത്തരവായിരുന്നു. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കമ്പനിയുടെ കൈവശത്തിൽ അവശേഷിച്ചിട്ടുള്ള 30.57 ഏക്കർ ഭൂമികൂടി റവന്യൂ വകുപ്പിലേയ്ക്ക് തിരികെ ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ കർണ്ണാടക ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ (ഒഫിഷ്യൽ ലിക്വിഡേറ്റർ ഓഫ് കർണ്ണാടക ഹൈക്കോടതി) ഹൈക്കോടതിയുടെ സംരക്ഷണത്തിൽ ആയിരുന്ന സാഹചര്യത്തിൽ കമ്പനിയുടെ പേരിൽ നിലവിലുള്ള കുടിശ്ശിക പിരിച്ചെടുക്കുമെന്ന് കർണ്ണാടക ഹൈക്കോടതി ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സിൽക്കിന്റെ കാര്യം അദ്ദേഹം പരാമർശിച്ചിരുന്നു. അവിടെ ഒരു ഗാൽവനൈസിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിനും സിൽക്കിന്റെ കോർപ്പറേറ്റ് ഓഫീസും പ്രോജക്ട് ഡിവിഷനും സ്ഥാപിക്കുന്നതിനുള്ള തീരുമാനം മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സർക്കാർ തലത്തിൽ വെഹിക്കിൾ സ്ക്രാപ്പിംഗ് പദ്ധതി കൊണ്ടുവരുന്നതിന്റെ ഭാഗമായി സിൽക്ക് വെഹിക്കിൾ സ്ക്രാപ്പിംഗ് സ്റ്റേഷൻ അത്താണിയിലെ ഭൂമി

ഉപയോഗപ്പെടുത്തി സ്ഥാപിക്കുന്നതിനുള്ള നടപടിയും കൈക്കൊണ്ടുവരുന്നു. സീതാറാം മിൽ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ അധിക ഭൂമി വ്യവസായ പാർക്കുകളായി മാറ്റാൻ കഴിയുമോയെന്ന കാര്യവും സർക്കാർ പരിശോധിച്ചുവരുന്നു. ഇതുപ്രകാരം തൃശ്ശൂർ ജില്ലയിലെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭൂമി ഉപയോഗപ്പെടുത്തി വ്യത്യസ്ത പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

(9) <u>തിരുവല്ല ബൈപാസിലെ അപകടങ്ങൾ കുറയ്ക്കുന്നതിന് പദ്ധതി</u>

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, തിരുവല്ല ബൈപാസ് 2021 ഫെബ്രുവരി മാസം തുറന്നുകൊടുത്തതാണ്. അന്നുമുതൽ ഈ ബൈപാസ് ഭാഗത്ത് റോഡപകടങ്ങൾ തുടർക്കഥയാണ്. 1996-ൽ ഡിസൈൻ ചെയ്തതനുസരിച്ചാണ് ഭൂമിയേറ്റെടുക്കൽ നടപടികൾ നടന്നത്. ഇതുസംബന്ധിച്ച് കേസുകളും സാങ്കേതിക പിഴവുകളുമുണ്ടായി. 2016-ലെ സർക്കാർ വന്നതിനുശേഷമാണ് ഈ കേസുകളെല്ലാം തീർപ്പാക്കി സാങ്കേതിക പിഴവുകൾ പരിഹരിച്ചുകൊണ്ട് ഒരു പുതിയ ഡിസൈനിൽ നിർമ്മാണം പൂർത്തീകരിച്ചത്. ഇരുപത്തിയഞ്ച്

കൊല്ലം മുമ്പ് തയ്യാറാക്കിയ ഡിസൈനും അന്നത്തെ കണക്കുമനുസരിച്ചുള്ള വാഹനങ്ങളല്ല ഇപ്പോഴുള്ളത്. വാഹനങ്ങളുടെ എണ്ണം വളരെയധികം വർദ്ധിച്ചു. തിരുവല്ല ടൗണിൽ തുടർച്ചയായുണ്ടായിരുന്ന ട്രാഫിക് ജാം ഈ ബൈപാസ് വന്നതിനുശേഷം ഇപ്പോൾ ഒഴിവായി. നിർമ്മാണം പൂർത്തീകരിച്ചപ്പോൾ, എം.സി. റോഡ് തുടങ്ങുന്നതും അവസാനിക്കുന്നതുമായ രാമഞ്ചിറയും മഴുവങ്ങാടും ഉൾപ്പെടെ മറ്റ് നാല് ജംഗ്ഷനുകളുംകൂടി ചേർത്ത് ആറ് പുതിയ ജംഗ്ഷനുകൾ രൂപപ്പെട്ടു. ഈ ജംഗ്ഷനുകൾ അപകടങ്ങൾക്ക് ഒരു കാരണമാണ്. വാഹനത്തിന്റെ കുഴപ്പമല്ലെങ്കിലും ഡിസൈനിൽവന്ന പിഴവുകൾമൂലം സംസ്ഥാനത്തെ ഒരു മന്ത്രിയുടെ വാഹനമടക്കം ഇവിടെ അപകടത്തിൽപ്പെട്ടിട്ടുണ്ട്. അവിടെ നിവരധി ആളുകൾ മരണപ്പെട്ടിട്ടുമുണ്ട്. എം.എൽ.എ.-യുടെ ആസ്തിവികസ ഫണ്ടിൽനിന്ന് തുക ചെലവഴിച്ച് പ്രധാന ജംഗ്ഷനുകളിൽ ഹൈമാസ്റ്റ് ലാമ്പുകൾ സ്ഥാപിച്ചെങ്കിലും ഇപ്പോഴും അവിടെ അപകടങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. കെ.എസ്.ടി.പി. (കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട്)-യാണ് നിർമ്മാണ പ്രവൃത്തികൾ നടത്തിയത്. കെ.എസ്.ടി.പി. നിർമ്മാണം പൂർത്തീകരിച്ച് അവരുടെ

സംരക്ഷണയിലിരിക്കുന്ന സമയത്ത്, ഞാൻ ആവശ്യപ്പെട്ടതനുസരിച്ച് ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി നിർദേശിച്ച്, കെ.എസ്.ടി.പി.-യുടെ റോഡ് സേഫ്റ്റി വിംഗ് അവിടെവന്ന് ഇൻസ്പെക്ഷൻ നടത്തുകയും പ്രത്യേകമായ റോഡ് സുരക്ഷാ നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ചില നിർദേശങ്ങൾ/പരിഹാര നടപടികൾ മുന്നോട്ടുവയ്ക്കുകയുമുണ്ടായി. ഇപ്പോൾ റോഡ് പി.ഡബ്ല്യൂ.ഡി.-യുടെ കൈവശമാണ്. കെ.എസ്.ടി.പി. തയ്യാറാക്കിയ ഈ പ്രോജക്ട് പി.ഡബ്ല്യൂ.ഡി.-ക്ക് കൈമാറിയിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നിർമാണപ്രവർത്തനങ്ങൾക്കായി അറുപത് ലക്ഷം രൂപ ആവശ്യമായിവരും. ഇവിടെ നിരന്തരമായുണ്ടാകുന്ന അപകടങ്ങൾ പരിഹരിക്കുന്നതിനും അപകട മരണങ്ങൾ ഇല്ലാതാക്കുന്നതിനുംവേണ്ടി റോഡ് സുരക്ഷയ്ക്കായി കെ.എസ്.ടി.പി. റോഡ് സേഫ്റ്റി വിംഗ് തയ്യാറാക്കിയ പദ്ധതി നടപ്പിലാക്കാൻ തയ്യാറാകണം. ഈ ബൈപാസിലുണ്ടാകുന്ന അപകടങ്ങൾ ഇല്ലായ്മ ചെയ്യുന്നതിനുള്ള സത്വര നടപടികളുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാന്യനായ അംഗം ഇവിടെ ഉന്നയിച്ച വിഷയം വളരെ പ്രധാനപ്പെട്ട ഒന്നാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെതന്നെ, മുഴവങ്ങാട് നിന്ന് ആരംഭിച്ച് രാമഞ്ചിറയിൽ അവസാനിക്കുന്ന തിരുവല്ല ബൈപാസിലെ ആറ് ജംഗ്ഷനുകളിൽ കെ.എസ്.ടി.പി. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് ഒരു പഠനം നടത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ ശിപാർശകൾ ഉൾപ്പെടുത്തിക്കൊണ്ട് അറുപത് ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നത്. ഇതിപ്പോൾ ഭരണാനുമതിക്കായി പരിശോധിച്ചുവരികയാണ്. തിരുവല്ല ബൈപാസിൽ അപകടങ്ങൾ കുറയ്ക്കാനുള്ള പദ്ധതി നടപ്പിലാക്കണമെന്നുള്ളതുതന്നെയാണ് പൊതുമരാമത്ത് വകുപ്പിന്റെ താൽപര്യം. റോഡ് സുരക്ഷാ പദ്ധതികളിലുൾപ്പെടുത്തി ഇത് നടപ്പിലാക്കാനുള്ള എല്ലാ ശ്രമവും വകുപ്പ് നടത്തുന്നതാണ്.

(10) പെരിന്തൽമണ്ണ മണ്ഡലത്തിലെ വിവിധ റോഡ് പ്രവൃത്തികൾ

ശ്രീ. നജീബ് കാന്തപുരം: സർ, നേരത്തെ അടിയന്തരപ്രമേയത്തിൽ ബഹുമാന്യയായ ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി മലപ്പുറം ജില്ലയിലെ നിരവധി കാര്യങ്ങളെക്കുറിച്ച് അക്കമിട്ട് പറയുകയുണ്ടായി. എണ്ണത്തിന്റെ കാര്യത്തിൽ വളരെ ഉഷാറാണെങ്കിലും താഴെയുള്ള പ്രവർത്തന രംഗത്ത് എല്ലാ വകുപ്പുകളും ഒരുപോലെയാണെന്നതാണ് സങ്കടകരമായ ഒരു കാര്യം. വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മയുടെ പേരിൽ നിയോജകമണ്ഡലങ്ങളിൽ നിരവധി പദ്ധതികൾ മുടങ്ങിക്കിടക്കുന്ന അവസ്ഥയാണുള്ളതെന്നതാണ് ഏറ്റവും ശ്രദ്ധേയമായ കാര്യം. പ്രധാനമായും പൊതുമരാമത്ത്, ജലവിഭവ വകുപ്പുകളുമായി ബന്ധപ്പെട്ട് നടക്കുന്ന തർക്കങ്ങളും പ്രശ്നങ്ങളുമാണ് എന്റെ നിയോജകമണ്ഡലത്തിൽ ഇപ്പോൾ പൊതുമരാമത്ത് പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന വട്ടപ്പറമ്പ്-പാറക്കണ്ണി വില്ലേജ് ഓഫീസ് റോഡ്, ആനമങ്ങാട്-മണലായ-മുതുകുറിശ്ശി റോഡ്, പാലക്കാട്-പെരിന്തൽമണ്ണ റോഡ്, പുലാമന്തോൾ-മേലാറ്റൂർ റോഡ് തുടങ്ങിയ റോഡുകളെല്ലാം ഇപ്പോൾ പ്രവർത്തനം സ്തംഭിച്ചിരിക്കുന്നതിന്റെ പ്രധാനപ്പെട്ട കാരണം. ഈ വകുപ്പുകൾ

തമ്മിൽ ഏകോപിപ്പിക്കുന്നതിനുവേണ്ടി ജലസേചന വകുപ്പുമായി ബന്ധപ്പെട്ട നിരവധി യോഗങ്ങൾ നിരന്തരമായി നടക്കുന്നുണ്ട്. പക്ഷേ റെസ്റ്റോറേഷൻ വർക്കുമായി ബന്ധപ്പെട്ട തർക്കങ്ങൾ പരിഹരിക്കാൻ ഒരു തരത്തിലും കഴിയാത്ത വിധം ഉദ്യോഗസ്ഥർ പിന്നെയും വലിയ പിടിവാശിയിലേയ്ക്ക് പോകുകയാണ്. ഉദ്യോഗസ്ഥരുടെ മീറ്റിംഗ് വിളിച്ചാൽ നമുക്ക് തോന്നുന്നത് രണ്ട് രാജ്യങ്ങൾ തമ്മിലുള്ള യുദ്ധമാണോയെന്നാണ്. അത്തരത്തിലുള്ള ഈഗോയിസ്റ്റുകളായ ഉദ്യോഗസ്ഥർ പരസ്പരം ഏറ്റുമുട്ടുന്ന വലിയ പ്രയാസകരമായ ഒരു സാഹചര്യമാണ്. ജനങ്ങളെ സംബന്ധിച്ച് ചെറിയ പ്രശ്നമല്ല ഇതുണ്ടാക്കുന്നത്. ഒന്നും രണ്ടും വർഷങ്ങൾ കഴിഞ്ഞിട്ടും റോഡ് പ്രവൃത്തി യാതൊരു തരത്തിലും തുടങ്ങാൻ കഴിയാതെ ബുദ്ധിമുട്ടുന്ന പല റോഡുകളുമുണ്ട്. അതിലൊരു റോഡാണ് ഞാൻ നേരത്തെ സൂചിപ്പിച്ച മണലായ-മുതുകുറിശ്ശി റോഡ്. ശരിക്കും രണ്ട് വർഷമായി ആ റോഡ് പൂർണമായും തകർന്ന് ജനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയാത്ത വിധമായിരിക്കുകയാണ്. ഇപ്പോൾ വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം നടക്കുന്ന ഈ പ്രദേശങ്ങളിലെല്ലാം വലിയ കുഴികൾ രൂപപ്പെട്ട് ഒരു മഴ

പെയ്താൽ ആകെ കുളവും വെയിൽ തുടങ്ങിയാൽ പൊടിമയവുമാകുന്ന സ്ഥിതിയാണുള്ളത്. ആളുകൾക്ക് ജീവിക്കാൻപോലും കഴിയാതായിരിക്കുന്നു. ഒരുപാട് ആളുകൾ രോഗബാധിതരായിരിക്കുകയാണ്. ഇത് പൊലിപ്പിച്ച് പറയുന്ന കാര്യമല്ല. ഇതിന്റെ ഭാഗമായി ധാരാളം കുട്ടികളും വൃദ്ധരും രോഗികളായിത്തീരുന്ന സാഹചര്യമുണ്ട്. റോഡ് പണി തുടങ്ങിയാൽ ആളുകളെയെല്ലാം ആശുപത്രിയിലേയ്ക്ക് കൊണ്ടുപോകേണ്ട ഒരു സാഹചര്യമാണുള്ളത്. ആ തരത്തിൽ ഒരു പരിഹാരവുമില്ലാതെ നീണ്ടുപോകുന്ന നിരവധി റോഡ് പ്രവർത്തനങ്ങൾ നമ്മുടെ നാട്ടിലുണ്ട്. അതുകൊണ്ട് ഈ കണക്കുകൾക്കെല്ലാമപ്പുറത്ത് യാഥാർത്ഥ്യങ്ങൾ പ്രവൃത്തിയായി രൂപപ്പെടുന്ന സാഹചര്യമുണ്ടാക്കണം. അതിനായി ഈ വകുപ്പുകൾ ഏകോപിപിക്കുന്നതിന് എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ? അതുപോലെതന്നെ പ്രധാനപ്പെട്ട ഒരു കാര്യം, പി.ഡബ്ല്യൂ.ഡി.-ക്ക് കോ-ഓർഡിനേറ്റിംഗ് വർക്ക് ചെയ്യുന്നതിനായി ഒരു നിയോജകമണ്ഡലത്തിൽ ഒരുദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആ ഉദ്യോഗസ്ഥന് ആ വകുപ്പിന്റെ കാര്യം പറയാമെന്നല്ലാതെ ഈ വകുപ്പുകൾ ഏകോപിപ്പിക്കാൻ അദ്ദേഹത്തിന് സാധിക്കുന്നില്ല. അങ്ങനെ വകുപ്പുകൾ

തമ്മിൽ ഏകോപിപ്പിക്കാൻ കഴിയുന്ന ഒരുദ്യോഗസ്ഥനെ ചുമതലപ്പെടുത്തി ഈ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരമുണ്ടാക്കാൻ സാധിക്കുമോ?

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, റോഡ് പ്രവൃത്തിയും ജലവിതരണ പൈപ്പ്ലൈനിടലും ഒരുമിച്ച് വരുമ്പോഴുണ്ടാകുന്ന ചില പ്രശ്നങ്ങളെക്കുറിച്ചാണ് ശ്രീ. നജീബ് കാന്തപുരം, എം.എൽ.എ. സബ്മിഷനിലൂടെ അവതരിപ്പിച്ചത്. എം.എൽ.എ. ചൂണ്ടിക്കാട്ടിയ റോഡുകളിൽ രണ്ട് റോഡുകളുടെ പ്രവൃത്തി പുനരാരംഭിക്കാൻ കഴിയുന്ന ഘട്ടത്തിലേയ്ക്കെത്തുകയാണ്. മണലായ-മുതുകുറിശ്ശി റോഡ്/ആനമങ്ങാട്-മണലായ-മുതുകുറിശ്ശി റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പ്രവൃത്തി കരാറുകാരന് കൈമാറിക്കഴിഞ്ഞു. ഉടൻതന്നെ പ്രവൃത്തി ആരംഭിക്കുന്നതാണ്. ആനമങ്ങാട്-പെരിന്തൽമണ്ണ റോഡ്/പാലക്കാട്-പെരിന്തൽമണ്ണ റോഡ് റെസ്റ്റോറേഷൻ പ്രവൃത്തിക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകി ഉടൻ പ്രവൃത്തി ആരംഭിക്കാൻ കഴിയും. 2019-20-ലെ ബജറ്റിൽ ഉൾപ്പെടുത്തിയ

വട്ടപ്പറമ്പ്-പാറക്കണ്ണി വില്ലേജ് ഓഫീസ് റോഡ് 0/000 മുതൽ 2/410 വരെ ബി.എം.&ബി.സി. ചെയ്ത് നവീകരിക്കുന്ന പ്രവൃത്തിക്ക് കരാർ നൽകിയിട്ടുണ്ട്. ഇവിടെയും വാട്ടർ അതോറിറ്റി പ്രവൃത്തി നിർദേശിച്ചിട്ടുണ്ട്. റെസ്റ്റോറേഷൻ ചാർജ് അടയ്ക്കാൻ ആവശ്യപ്പെട്ടെങ്കിലും അടച്ചിട്ടില്ല. റോഡ് പ്രവൃത്തി ഉടൻതന്നെ ആരംഭിക്കേണ്ടിവരുന്ന ഒരു സാഹചര്യമാണ് നിലവിലുള്ളത്. മേലാറ്റൂർ-പുലാമന്തോൾ പ്രവൃത്തി കെ.എസ്.ടി.പി.-യാണ് നടത്തുന്നത്. കേരള വാട്ടർ അതോറിറ്റിയുമായി കൂടിയാലോചിച്ച് എല്ലാ പ്രശ്നങ്ങളും പരിഹരിച്ച് പ്രവൃത്തി മുന്നോട്ടുകൊണ്ടുപോകാനാണ് കെ.എസ്.ടി.പി.-ക്ക് നൽകിയിരിക്കുന്ന നിർദേശം. വാട്ടർ അതോറിറ്റിയും പൊതുമരാമത്ത് വകുപ്പുമായുള്ള ഏകോപനം ശക്തിപ്പെടുത്തിയാണ് മുന്നോട്ടുപോകുന്നത്. പരസ്പരം ചർച്ച ചെയ്ത് പരമാവധി പ്രശ്നങ്ങൾ പരിഹരിക്കാറുണ്ട്. കഴിഞ്ഞ ഒരു വർഷത്തെ അനുഭവത്തിന്റെകൂടി പശ്ചാത്തലത്തിൽ പ്രവൃത്തികളിൽ ഏകോപനം ശക്തമാക്കാനുള്ള നടപടികളോടുകൂടിയ ഒരുത്തരവ് പുറപ്പെടുവിച്ചിട്ടുമുണ്ട്.